# സുവിശേഷ ധ്വനി

സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന വൈ.എം.ഇ.എഫ്. ദ്വൈവാരിക

Suvisesha Dhwani Fortnightly Reg. No. RN. 29475/78 Vol. 36 Issue 16 — 28 ഏപ്രിൽ 2012 പുസ്തകം 36 ലക്കം 16 പേജ് 6

# എസ്കോൽ താഴ്‌വരയും ചില ആത്മീയ ചിന്തകളും

**എന്തിനാണീ നിഗളം? എന്തിനാണീ താൻ പോരിമ? എന്തു നേടാനായിട്ടാണ് ഭാവിക്കേണ്ടതിന് മീതെ ഭാവിച്ചുയരുന്നത്? എസ്കോൽ താഴ്‌വരയിലേക്ക് ഇറങ്ങിച്ചെല്ലുക. ശോഭയും, സൗന്ദര്യവും മാധുര്യവും നാം അവിടെ കണ്ടെത്തും.**

**സൈറസ് ബനഡിക്റ്റ്**

ശീർഷകത്തിലേക്ക് നമ്മെ നയിക്കുന്ന വേദഭാഗം സംഖ്യാപുസ്തകം 13–23 ആണ്. “അവർ എസ്കോൽ താഴ്‌വരയോളം ചെന്ന് അവിടെ നിന്ന് ഒരു മുന്തിരിവള്ളി കുലയോടെ പറിച്ചെടുത്ത് ഒരു തണ്ടിന്മേൽ കെട്ടി രണ്ടു പേർകൂടി ചുമന്നു; അവർ മാതളപ്പഴവും അത്തിപ്പഴവും കൂടെ കൊണ്ടു പോന്നു.”

മിസ്രയീമിൽ നിന്ന് വിടുവിക്കപ്പെട്ട ജനത്തെ ചെങ്കടൽ പിളർത്തി പകൽ മേഘസ്തംഭം തണൽ ആയി നല്കി, രാത്രി അഗ്നിസ്തംഭം വെളിച്ചമായി നല്കി മോശെയുടെ നേതൃത്വത്തിൽ നയിക്കപ്പെട്ട് പാരാൻ മരുഭൂമിയിൽ എത്തി. അവിടെവെച്ച് കനാൻ ദേശം ഒറ്റു നോക്കേണ്ടതിന് യഹോവയുടെ കല്പന പ്രകാരം പന്ത്രണ്ട് ഗോത്രങ്ങളിൽ നിന്ന് പന്ത്രണ്ട് പ്രഭുക്കന്മാരെ തിരെഞ്ഞെടുത്ത് മോശെ അയയ്ക്കുന്നു. ദേശം ഒറ്റു നോക്കുവാനുള്ള അവരുടെ യാത്രയും, എസ്കോൽ താഴ്‌വരയിൽ നിന്നുള്ള ഫലശേഖരണവും ചില ആത്മിക ചിന്തകൾ നമുക്ക് തരുന്നുണ്ട്. അവയിൽ ചിലത് ഇവിടെ കുറിക്കട്ടെ.

1. യിസ്രായേൽ മക്കളുടെ മരുഭൂയാത്രയിൽ അവർ ക്ഷീണിച്ചു പോകാതിരിക്കാൻ, പ്രത്യാശയോടെ മുമ്പോട്ടു പോകുവാൻ ദൈവം അവർക്ക് വാഗ്ദത്തം ചെയ്തിട്ടുള്ള കനാനെ കുറിച്ചുള്ള ഒരു ഏകദേശ ചിത്രം അവർക്ക് ലഭിക്കേണ്ടത് ആവശ്യമായിരുന്നു. അവരുടെ യാത്രയ്ക്ക് ഉത്സാഹവും ആവേശവും പകരുവാൻ കനാനെക്കുറിച്ചുള്ള വ്യക്തമായ ചിത്രം അവരെ സഹായിക്കുമായിരുന്നു. ആ ലക്ഷ്യത്തിലാണ് പന്ത്രണ്ട് പേരെ മോശെ അയച്ചത്. ഈ ലോക മരുയാത്രയിൽ ആയിരിക്കുന്ന വിശ്വാസികളായ നമ്മെ സംബന്ധിച്ചും ഇത് ശരിയല്ലെ? മോക്ഷയാത്രികരായ നമുക്ക് നമ്മുടെ യാത്ര സുഖകരവും ആസ്വാദ്യകരവുമാകണമെങ്കിൽ ദൈവിക വാഗ്ദത്തങ്ങളെക്കുറിച്ചുള്ള അറിവ് ആവശ്യമാണ്. ദൈവം നമുക്കായി കരുതിയിരിക്കുന്ന ആത്മിക അനുഗ്രഹങ്ങളെക്കുറിച്ച് ധാരണയുള്ളവരാകുമ്പോൾ അത് അവകാശമാക്കുവാനുള്ള ഈ യാത്ര ആസ്വാദ്യകരമായി അനുഭവപ്പെടും. ഈ ലോക മരുഭൂയാത്രയെ ആസ്വാദ്യകരമാക്കി തീർക്കാനുള്ള ഒരു നിർദ്ദേശം കൊലോസ്യ ലേഖനത്തിൽ പൗലോസ് നല്കുന്നുണ്ട്. കൊലോ. 3:1 “ഉയരത്തിലുള്ളതു അന്വേഷിപ്പിൻ. ഭൂമിയിലുള്ളതല്ല ഉയരത്തിലുള്ളതു തന്നെ ചിന്തിപ്പിൻ.”

2. ശത്രുവിന്റെ മടയിലേക്കാണ് ആ പന്ത്രണ്ട് പേരെ മോശെ അയയ്ക്കുന്നത്. അതികായന്മാർ വസിക്കുന്ന ഇടമാണ് കനാൻ. മല്ലന്മാരുടെ സന്തതികളായ അനാക്യ മല്ലന്മാരുടെ വിഹാര കേന്ദ്രം. അവർ തിരിച്ചു വന്നപ്പോൾ ചിലർ പറഞ്ഞത് “ഞങ്ങൾക്കു തന്നെ ഞങ്ങൾ വെട്ടുക്കിളികളെപ്പോലെ തോന്നി” എന്നാണ്. എങ്കിലും ദൈവം അവരെ ആ ദേശത്തേക്ക് കൊണ്ടുപോകുകയാണ്. ഒരു വടി കൊണ്ട് ചെങ്കടലിനെ പിളർത്തിയ ദൈവത്തിന് ഈ

▶ ശേഷം 2–ാം പേജിൽ

# കുമ്പനാട് കൺവൻഷൻ ക്രിസ്മസ് അവധിക്ക്

**കുമ്പനാട്:** 110–ാമത് ബ്രദറൺ ജനറൽ കൺവൻഷൻ കുമ്പനാട്ടു വച്ച് 2012 ഡിസംബർ 23 ഞായർ മുതൽ 30 ഞായർ വരെ ക്രിസ്മസ് അവധിക്കാലത്ത് നടത്തുവാൻ തീരുമാനമായി. ഏപ്രിൽ 14–നു കൂടിയ സഭാപ്രതിപുരുഷ യോഗമാണ് ഈ തീരുമാനമെടുത്തത്. കുമ്പനാട്ടും സമീപ പ്രദേശങ്ങളിലുമുള്ള 128 സ്ഥലം സഭകളുടെ സഹകരണത്തിൽ നടത്തുന്ന ഈ കൺവൻഷൻ അനുഗ്രഹപ്രദമാകുവാനും കർത്തൃനാമം മഹത്വപ്പെടുവാനും ദൈവജനം പ്രാർത്ഥിക്കണമെ.

വിശദവിവരങ്ങൾ പിന്നാലെ പ്രസിദ്ധീകരിക്കുന്നതാണ്.

*കൺവീനർ,*
*കൺവൻഷൻ കമ്മിറ്റി*

# മലബാർ ഡിവിഷൻ ബൈബിൾ ക്യാമ്പ് മെയ് 7 മുതൽ

**കോഴിക്കോട് :** മെയ് 7,8,9 തിയതികളിൽ വയനാട് കൊയിലേരിയിൽ Y.M.E.F.(MD) – ന്റെ ചുമതലയിലും സ്ഥലം സഭയുടെ സഹകരണത്തിലും കൊയിലേരി ബ്രദറൺ സഭാഹാളിൽ വെച്ച് ബൈബിൾ ക്യാമ്പ് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ക്യാമ്പ് തീം : ദൈവത്തിനു കൊള്ളാകുന്നവരായി തെളിയുക എന്നതാണ്. പി. എം. രാജു (കോതമംഗലം), ജോസ് മാങ്കുടി (വയനാട്) എന്നിവർ മുഖ്യാതിഥികളായിരിക്കും. അനുഗ്രഹത്തിനായി പ്രാർത്ഥിക്കുകയും പങ്കെടുക്കുകയും ചെയ്യുക.

*ജിജു ജോർജ്ജ്, സെക്രട്ടറി*

നിങ്ങൾ എന്റെ നാമത്തിൽ അപേക്ഷിക്കുന്നതു ഒക്കെയും പിതാവു പുത്രനിൽ മഹത്വപ്പെടേണ്ടതിനു ഞാൻ ചെയ്തുതരും.
യോഹ. 14 : 13

YMEF

**General Camp**

**2012**

**ആഗസ്റ്റ്**
**27 തിങ്കൾ മുതൽ**
**31 വെള്ളി വരെ**

**പെനിയേൽ**
**ബൈബിൾ സെമിനാരി**
**കീഴില്ലം, മൂവാറ്റുപുഴ**

**ക്യാമ്പ് തീം**

**ദിവ്യസ്വഭാവത്തിന് കൂട്ടാളികൾ ആകുവിൻ. 2 പത്രോ. 1:4**

പ്രധാന ലീഡേഴ്സ്

സഹോ. സാമുവേൽ ബി. തോമസ്
സഹോ. തോംസൺ ബി. തോമസ്
സഹോ. ജോസ് മാങ്കുടി

**Y.M.E.F. പഞ്ചാബ് കാമ്പയിൻ**

# മുത്തുകൾ തേടി ഗോതമ്പു വയലുകൾക്കപ്പുറം

പാക്കിസ്ഥാനോട് ചേർന്നു കിടക്കുന്ന ഫാസിൽക്ക ജില്ലയിൽ 18–3–2012 മുതൽ സുവിശേഷ പ്രവർത്തനങ്ങൾ തുടർച്ചയായി നടത്തിവരുന്നു. ബൊക്കെകാൽവാല എന്ന ഗ്രാമത്തിൽ പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾ ബോലോസിംഗ് എന്ന ക്രിസ്ത്യാനി വയലിൽ നിന്ന് കടന്നു വരികയും ഞങ്ങളെ തന്റെ വീട്ടിൽ സ്വീകരിക്കുകയും തുടർന്ന് അവിടെ വച്ച് നടന്ന സുവിശേഷ യോഗത്തിൽ ഏതാണ്ട് 6–ൽ അധികം ആളുകൾ രക്ഷിക്കപ്പെടുകയും ബൈബിളും മറ്റു സുവിശേഷ പ്രതികളും വാങ്ങുകയും ചെയ്തു. ഇന്നത്തെ തിരക്കേറിയ ലോകത്തിൽ ഇവർക്കു യാതൊരു ധൃതിയുമില്ല. ചാണകം കുമിഞ്ഞു കൂടിയ തെരുവുകളിൽ കൂടി കാളവണ്ടിയിലും തുരുമ്പിച്ച സൈക്കിളുകളിലും യാത്ര ചെയ്യുന്ന ഈ ഗ്രാമീണർ മിക്കവാറും ആദ്യമായിട്ടായിരിക്കണം സുവിശേഷം കേൾക്കുന്നത്. സുവിശേഷ പ്രസംഗങ്ങൾക്കിടയിൽ കണ്ട അമ്പരിപ്പിക്കുന്ന മുഖങ്ങളും അവിശ്വസനീയമായ കണ്ണുകളും തീരാത്ത സംശയങ്ങളും സുവിശേഷ സത്യങ്ങൾക്കായുള്ള അവരുടെ ആത്മദാഹമാണ് വ്യക്തമാക്കുന്നത്. പൊതുവെ ശാന്തരായ ഈ ഗ്രാമവാസികൾ ഞങ്ങൾ പ്രസംഗിക്കുന്നിടത്തെല്ലാം കൂട്ടംകൂട്ടമായി വന്ന് ശ്രദ്ധിക്കുന്നത് കാണാമായിരുന്നു.

അഖാൻഘട്ട് എന്ന ഗ്രാമത്തിലെ ഗുബ്ബാൻ സിംഗ് കർത്താവിനെ സ്നേഹിക്കുന്ന ഒരു മനുഷ്യൻ ആയിരുന്നു. തന്റെ വീട്ടിൽ ക്രിസ്തീയ ചിത്രങ്ങളും പുതിയ നിയമത്തിന്റെ ഒരു കോപ്പിയും ഉണ്ടായിരുന്നു. എന്നാൽ ഇദ്ദേഹം രക്ഷയെക്കുറിച്ച് അറിഞ്ഞിരുന്നില്ല. അദ്ദേഹത്തോട് ഞങ്ങൾ സുവിശേഷം അറിയിക്കുകയും ആ സഹോദരനും കുടുംബവും നിറഞ്ഞ കണ്ണുകളോടെ കർത്താവിനെ രക്ഷകനും നാഥനുമായി ഹൃദയത്തിൽ സ്വീകരിക്കുകയും ചെയ്തു. അന്ന് വൈകുന്നേരം അദ്ദേഹത്തിന്റെ ഭവനാങ്കണത്തിൽ നടന്ന സുവിശേഷയോഗത്തിൽ ഏകദേശം 60–ഓളം പേർ പങ്കെടുക്കുകയും അതിൽ ഭൂരിഭാഗവും കർത്താവിനെ രക്ഷകനായി സ്വീകരിക്കുകയുമുണ്ടായി. ഏകദേശം 12 മണി വരെ നീണ്ട ശുശ്രൂഷകളിൽ വ്യക്തിപരമായി പ്രാർത്ഥിക്കുന്നതിനു വേണ്ടി അനേക ആളുകൾ മുമ്പോട്ടു വന്നത് ഹൃദ്യമായ അനുഭവമായിരുന്നു.

അനേക ഗ്രാമങ്ങളിൽ ഇത്തരം അനുഭവങ്ങൾ ഞങ്ങൾക്കുണ്ടായി. ഒരു ഗ്രാമത്തിൽ നിന്നും മറ്റൊരു ഗ്രാമത്തിലേക്ക് 30 മുതൽ 70 വരെ കിലോമീറ്ററുകൾ താണ്ടി വേണം എത്തിച്ചേരുവാൻ. വിശാലവും വിസ്തൃതവുമായി നോക്കിയാൽ നോക്കെത്താദൂരത്തോളം നീണ്ടു കിടക്കുന്ന ഗോതമ്പു വയലുകളും കരിമ്പിൻ തോട്ടങ്ങളും, കടുകു പാടങ്ങളും. ഇതിനിടെയിലൂടെ നീണ്ടു നിവർന്നു കിടക്കുന്ന പൊടിനിറഞ്ഞ മൺപാതയിലൂടെ ബൈക്കിൽ യാത്രചെയ്ത് ഓരോ ഗ്രാമങ്ങളിലും സുവിശേഷ സന്ദേശവുമായി എത്തുന്ന പഞ്ചാബിലെയും രാജസ്ഥാനിലെയും സുവിശേഷകന്മാരുടെ സമർപ്പണം ശ്ലാഘനീയമാണ്.

കർത്താവ് ശമര്യാക്കാരി സ്ത്രീയോട് സുവിശേഷം അറിയിച്ചപ്പോൾ അവൾ ആ ഗ്രാമവാസികളെ മുഴുവൻ വിളിച്ചുകൂട്ടുകയും കർത്താവ് അവരോട് സുവിശേഷം പ്രസംഗിക്കുകയും ചെയ്തു. ഇതു കണ്ട കർത്താവിന്റെ ശിഷ്യന്മാരുടെ ഉള്ളിൽ ആശ്ചര്യവും അമ്പരപ്പും ഉളവായി. ഇങ്ങനെയൊക്കെ നടക്കുമോ എന്നായിരുന്നു അവരുടെ ഉള്ളിൽ. ഇത് വായിക്കുന്ന സഹോദരാ, സഹോദരി നിങ്ങളും ഇങ്ങനെയായിരിക്കും ചിന്തിക്കുന്നത്. എന്നാൽ രോഗികൾക്കായി പ്രാർത്ഥിക്കുമ്പോൾ കർത്താവ് രോഗികൾക്കു സൗഖ്യം നൽകുന്നതും പ്രാർത്ഥനയാൽ ഭൂതഗ്രസ്ഥർ സുബോധമുള്ളവരായി തീരുന്നതും ഇവിടുത്തെ പ്രവർത്തനങ്ങളുടെ തീക്ഷ്ണതയുള്ള അനുഭവങ്ങളായിരുന്നു.

രാജസ്ഥാനിൽ അൽവറിലെ ബൈബിൾ കോളേജിലെ അധ്യാപകരും വിദ്യാർത്ഥികളും വൈ.എം.ഇ.എഫ്. ന്റെ പ്രവർത്തനങ്ങളിൽ പങ്കു ചേർന്നത് ടീമിന്റെ പ്രവർത്തനങ്ങൾക്ക് വളരെ പ്രോത്സാഹനമായിരുന്നു.

യോഹ. 4:35–ൽ യേശു പറഞ്ഞു: “ഇനി നാലു മാസം കഴിഞ്ഞിട്ട് കൊയ്ത്തു വരുന്നു എന്നു നിങ്ങൾ പറയുന്നില്ലയോ? നിങ്ങൾ തലപൊക്കി നോക്കിയാൽ നിലങ്ങൾ ഇപ്പോൾ തന്നേ കൊയ്ത്തിന് വെളുത്തിരിക്കുന്നത് കാണും എന്ന് ഞാൻ നിങ്ങളോട് പറയുന്നു.” പഞ്ചാബിന്റെ സ്ഥിതിയും ഇതു തന്നെ. ആത്മാക്കൾ കൂട്ടത്തോടെ മുന്നോട്ട് വരുന്നു. എന്നാൽ ഇവരെ വചനം പഠിപ്പിച്ച് ക്രിസ്തുവിൽ വളർത്തിയെടുക്കുവാൻ പ്രാപ്തരായ ദൈവദാസന്മാർ ധാരാളമായി പഞ്ചാബിന് ആവശ്യമുണ്ട്. ഇതിനായി ദൈവമക്കൾ പ്രാർത്ഥിക്കുക.

*ബിനോയ് മാണി*

## എഡിറ്റോറിയൽ

# ഭാരതസുവിശേഷീകരണം വർദ്ധിച്ചുവരുന്ന വെല്ലുവിളികൾ

സുവിശേഷ പ്രവർത്തനങ്ങളോടുള്ള പ്രതികരണത്തിന് ഭാരതത്തിൽ ഈ നാളുകളിൽ ചെറുതല്ലാത്ത മാറ്റം വന്നുകൊണ്ടിരിക്കുന്നു. അതിനു പല കാരണങ്ങളുണ്ടാവാം. ചിലപ്പോൾ അതു പ്രവർത്തന രീതിയിലുള്ള തെറ്റുകൾ കൊണ്ടാവാം. അതിലേറെ ഇതര മതസ്ഥരുടെ തെറ്റിധാരണ കൊണ്ടുമാവാം. സുവിശേഷ സന്ദേശത്തോട് എല്ലാക്കാലത്തും എതിർപ്പുകൾ ഉണ്ടായിട്ടുണ്ട്. എന്നാൽ ഭാരതത്തിൽ കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാനവും ഈ നൂറ്റാണ്ടിന്റെ ആരംഭവും സ്ഥിതി ഏറെ വ്യത്യാസപ്പെട്ടിട്ടുണ്ട്.

എന്താണു സുവിശേഷം? പാപത്തിലാണ്ടുപോയ മനുഷ്യവർഗ്ഗത്തിനു ക്രിസ്തുവിന്റെ ത്യാഗമരണത്തിലൂടെയും ഉയിർപ്പിലൂടെയുമുള്ള പ്രത്യാശയുടെ ദൂതാണ് സുവിശേഷം. അതു നിത്യജീവന്റെ സന്ദേശമാണ്. വെളിച്ചത്തിന്റെ വാതിലാണ്.

എക്കാലത്തും എല്ലാറ്റിനെയും കച്ചവട കണ്ണുകളോടെ കാണുന്നവർ ഇക്കാലത്തു സുവിശേഷത്തേയും സമൂഹമധ്യേ അമ്മാതിരി വികലമാക്കിയിട്ടുണ്ടാവാം. എന്നാൽ അതുകൊണ്ടൊന്നും സത്യസുവിശേഷം വികലമാവുകയില്ല. വഴിയും സത്യവും ജീവനുമാകുന്ന ത്യാഗമൂർത്തിയായ ക്രിസ്തുവാണ് ആ സന്ദേശം. തന്റെ പുനരുത്ഥാനത്തിലൂടെ അതു തെളിയിക്കുകയും ചെയ്തല്ലൊ. എന്നാൽ പുനരുത്ഥാന ശക്തി വ്യാപരിക്കാതെ പോയവരിലൂടെയാണു ഇന്നും എന്നും സുവിശേഷം തെറ്റിധരിക്കപ്പെടുന്നത്. വേലിതന്നെ വിളവുതിന്നാൽ പിന്നെ എങ്ങനെ വിളവ് ഫലവത്താകും?

ആകയാൽ ഒന്നാമത് അടിസ്ഥാനപരമായി ക്രൈസ്തവ സമൂഹത്തിനു തന്നെയാണു മാറ്റമുണ്ടാകേണ്ടത്. സുഖലോലുപരായ ജനത്തിന് എങ്ങനെ ക്രിസ്തുവിന്റെ ത്യാഗം സമൂഹത്തിനു മുമ്പിൽ അവതരിപ്പിക്കുവാനാകും? മണ്ണിൽ ചിലതെല്ലാം തിരയുന്നവന് എങ്ങനെ വിണ്ണിന്റെ ദർശനം ലഭിക്കും? എങ്ങനെയും നാലു കാശുണ്ടാക്കുക എന്ന ലക്ഷ്യമുള്ളവർ സുവിശേഷവും കച്ചവട ചരക്കാക്കിയെങ്കിൽ സമൂഹം എങ്ങനെ പ്രതികരിക്കാതിരിക്കും? എങ്ങനെ തെറ്റിധരിക്കാതിരിക്കും? 'പുൽത്തൊഴുത്തിൽ' പിറന്ന് വീടില്ലാതെ മലകളിൽ അന്തിയുറങ്ങി സ്വന്തം തോളിൽ തലചായ്ച്ചു മനുഷ്യനുവേണ്ടി മരിച്ച ത്യാഗജീവിതത്തെ പ്രസംഗിക്കുന്നവർ തന്നേ ആർഭാട ജീവിതം നയിക്കുമ്പോൾ ജനങ്ങൾ എങ്ങനെ തെറ്റിധരിക്കാതിരിക്കും?

**സുവിശേഷം അറിയിക്കുവാൻ കഴിയുന്നില്ലെങ്കിൽ മരിക്കുന്നതു തന്നെ ഉചിതം**

എന്നാൽ സുവിശേഷ സ്വാതന്ത്ര്യം നിഷേധിക്കപ്പെടുന്നത് ഇതിനു പരിഹാരമാകുന്നില്ല. ക്രൂശിതനായ ക്രിസ്തുവിലൂടെയുള്ള രക്ഷണ്യ സുവിശേഷം ലോകത്തോട് അറിയിക്കുക എന്നത് ഒരു സത്യവിശ്വാസിക്ക് ജീവശ്വാസം പോലെയാണ്. സുവിശേഷം അറിയിക്കുവാൻ കഴിയുന്നില്ലെങ്കിൽ അത് ഒരു യഥാർത്ഥശിഷ്യന് കഴുത്തിൽ ഞെക്കിപ്പിടിക്കുന്നതിനു തുല്യമായ അനുഭവം തന്നെയാണ്. അതുകൊണ്ടുതന്നേ സത്യസുവിശേഷം ഘോഷിക്കുവാൻ കഴിയാത്തിടത്തോളം മരിക്കുന്നതു തന്നേ ഉചിതമെന്ന് അവർ കരുതുന്നു. ലോകമെമ്പാടും പോയി സുവിശേഷം അറിയിക്കുക എന്നത് ശ്രേഷ്ഠഗുരുവിന്റെ അന്ത്യകല്പനയാകയാൽ അത് അനുസരിക്കാതിരിക്കുവാൻ ഒരു യഥാർത്ഥ ശിഷ്യനു പ്രതികൂലങ്ങളുടെ മധ്യേയും കഴിയുന്നതല്ല. അതുകൊണ്ടുതന്നെയാണ് പറയരുതെന്ന് എത്ര വിലക്കിയിട്ടും അപ്പൊസ്തലന്മാർ ഇതു പറഞ്ഞുകൊണ്ടിരുന്നത്. ഇനി മിണ്ടിപ്പോകരുത് എന്ന മാനുഷ കല്പന അവഗണിച്ച് മിണ്ടുവാനുള്ള ദൈവിക കല്പന അവർ അനുസരിക്കുകയായിരുന്നു, അതിന്റെ വില അവർ കൊടുക്കേണ്ടിവന്നു എങ്കിലും. അതുകൊണ്ടുതന്നെയാണ് സുവിശേഷം അറിയിക്കുന്നെങ്കിൽ പ്രശംസിക്കാനില്ലെങ്കിലും അറിയിക്കുന്നില്ലെങ്കിൽ എനിക്ക് അയ്യോ കഷ്ടം എന്നു അപ്പൊസ്തലന്മാർ കരുതിയതും.

ആകയാൽ ദൈവത്തെക്കാൾ അധികം മനുഷ്യനെ അനുസരിക്കുന്നത് ദൈവസന്നിധിയിൽ യോഗ്യമല്ല എന്നു കണ്ട അപ്പൊസ്തലന്മാരുടെ പാത പിൻതുടരുന്നവർ ഇന്നും കനത്ത വിലകൊടുത്തുകൊണ്ട് ലോകം മുഴുവൻ സുവിശേഷം അറിയിക്കുന്നു. ലോകത്തിന്റെ പ്രതിഫലം ഇല്ലാതെ, ത്യാഗമനസ്സോടെ, കഷ്ടത സഹിച്ച്, വേണ്ടി വന്നാൽ ജീവൻ പോലും നൽകിക്കൊണ്ട് ഭാരതത്തിലും അങ്ങോളമിങ്ങോളം സുവിശേഷം എത്തിക്കുവാൻ കഠിന പ്രയത്നം ചെയ്യുന്നു.

വിശ്വാസസമൂഹമേ നമുക്കുണരാം. തെറ്റുകൾ തിരുത്തി മാതൃകാപരമായി സുവിശേഷ പ്രചരണം തുടരാം. പുനരുത്ഥാനത്തിന്റെ ശക്തി യഥാർത്ഥമായി നമ്മിലേക്കും അതുവഴി സമൂഹത്തിലേക്കും വ്യാപരിക്കട്ടെ. ഭാരതസുവിശേഷീകരണത്തിനായി പ്രാർത്ഥിക്കാം യത്നിക്കാം. കർത്തൃനാമം മാത്രം മഹത്വപ്പെടുമാറാകട്ടെ.

*ചീഫ് എഡിറ്റർ*

# വൈ.എം.ഇ.എഫ്. 'ആത്മീയഗീതങ്ങൾ' പരിഷ്കരിക്കുന്നു

വൈ.എ.ഇ.എഫ്. പ്രസിദ്ധീകരണമായ 'ആത്മീയഗീതങ്ങൾ' പരിഷ്കരിച്ച 14-ാം പതിപ്പ് പുറത്തിറക്കുന്നതിനുവേണ്ടി പാട്ടുകളെക്കുറിച്ചുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പുതിയപാട്ടുകളും (കേൾക്കത്തക്കവണ്ണം സിഡിയിലും ഡിറ്റിപി ചെയ്തും) 2012 മെയ് 15-നു മുമ്പ് *Jacob P. Mathew, Ebenezer House, Kadalavila, Thrikkannamangal, Kottarakara P.O. 691 506* എന്ന വിലാസത്തിൽ അയച്ചു തരുവാൻ താൽപര്യപ്പെടുന്നു

*ജനറൽ സെക്രട്ടറി*

▼ *1-ാം പേജിൽ നിന്നും തുടർച്ച*

## എസ്കോൽ താഴ്‌വരയും ചില ആത്മീയ ചിന്തകളും

വെട്ടുക്കിളികളെകൊണ്ട് അനാകൃമല്ലന്മാരെ നിഗ്രഹിക്കുവാൻ നിഷ്പ്രയാസം കഴിയും. കർത്താവ് ശിഷ്യന്മാരെ ശുശ്രൂഷയ്ക്കായി അയയ്ക്കുമ്പോൾ പറയുന്നത്: ''ചെന്നായ്ക്കളുടെ നടുവിൽ കുഞ്ഞാടിനെപ്പോലെ ഞാൻ നിങ്ങളെ അയയ്ക്കുന്നു. ആകയാൽ പാമ്പിനെപ്പോലെ ബുദ്ധിയുള്ളവരും പ്രാവിനെപ്പോലെ കളങ്കമില്ലാത്തവരും ആയിരിപ്പിൻ." ക്രൗര്യത്തിലും ശക്തിയിലും ആടിനെക്കാൾ അനേക മടങ്ങ് ഉയരത്തിലാണ് ചെന്നായ. കർത്താവ് ഈ ലോകത്തിൽ ആയിരുന്നപ്പോൾ നാലു ചുറ്റും കടിച്ചുകീറാൻ തയ്യാറായി നില്ക്കുന്ന ചെന്നായിക്കൂട്ടങ്ങൾ ഉണ്ടായിരുന്നു. അവർ അവനെ വാക്കിൽ കുടുക്കാൻ നോക്കി കഴിഞ്ഞില്ല. ന്യായപ്രമാണ സംബന്ധമായ പരീക്ഷണങ്ങൾ നടത്തിനോക്കി, വിജയിച്ചില്ല. കൈസർക്ക് കരം കൊടുക്കുന്ന കാര്യത്തിൽ കുഴികുഴിച്ചും നോക്കി വീണില്ല. ഈ ലോകത്ത് വെച്ച് കർത്താവ് മുറിവേല്പ്പിക്കപ്പെട്ടത് സത്യത്തിനു സാക്ഷി നിന്നപ്പോൾ മാത്രമാണ്. അല്ലാത്ത സമയങ്ങളിൽ അവൻ പ്രാവിനെപ്പോലെ നിഷ്കളങ്കനും പാമ്പിനെപ്പോലെ ബുദ്ധിയുള്ളവനും ആയിരുന്നു. സ്വന്തം കൈയിലിരിപ്പിന്റെ ഗുണം കൊണ്ട് ചെന്നായയുടെ കടി മേടിക്കുന്നതും സത്യത്തിന് സാക്ഷി നിന്ന് മുറിവേല്പ്പിക്കപ്പെടുന്നതും തമ്മിൽ അജഗജാന്തര മുണ്ട്.

3. എസ്കോൽ താഴ്‌വരയിൽ നിന്ന് അവർക്ക് ലഭിച്ചത് മൂന്നു ഫലങ്ങൾ ആണ്. മുന്തിരി, മാതളം, അത്തി. എന്നാൽ തണ്ടിന്മേൽ കെട്ടി ചുമക്കേണ്ടി വന്നത് മുന്തിരിയാണ്. മാതളപ്പഴത്തേയും, അത്തിപ്പഴത്തേയും അപേക്ഷിച്ച് മുന്തിരി വളരെ ബലഹീനമാണ്. എന്നാൽ ഇപ്പോൾ ഭാരം കൊണ്ടും, ആകർഷകത്വം കൊണ്ടും, മാറ്റു കൊണ്ടും മുന്തി നില്ക്കുന്നത് മുന്തിരിയാണ്. മുന്തിരി ഒന്നോടൊന്ന് ചേർന്ന് കൂട്ടമായി ഒരു കുലയായി അത് മാറിയപ്പോൾ മാതളത്തെക്കാളും, അത്തിയെക്കാളും ഭാരവും, ആകർഷകത്വവുമുള്ളതായി അതു മാറി. അതിൽ നിന്ന് ഒന്ന് അടർത്തിയെടുത്താൽ ബലഹീനവും ചേർന്നിരുന്നാൽ ശക്തവും ആണ്. സഭാപ്രസംഗി പറയുന്നത് "ഒരുവനെക്കാൾ ഇരുവർ ഏറെ നല്ലത്. അവർക്ക് തങ്ങളുടെ പ്രയത്നത്താൽ "നല്ല" പ്രതിഫലം കിട്ടുന്നു.'' പിന്നെയും താൻ പറയുന്നത്, "മുപ്പിരിച്ചരടു വേഗത്തിൽ അറ്റു പോകയില്ല.'' ദൈവമക്കൾ പരസ്പരം ഐക്യത്തോടെ വർത്തിക്കേണ്ടവരാണ്. പാരയും മറുപാരയും തമ്മിൽ തമ്മിൽ വിഘടിപ്പിക്കാനെ ഉതകൂ. ശക്തിക്ഷയത്തിലേക്കും, ചാവാറായ ശേഷിപ്പിലേക്കുമെ എത്തിക്കൂ.

4. എസ്കോൽ താഴ്‌വര ഉൾപ്പെട്ട ആ കനാൻ ദേശത്തിൽ ശത്രുക്കൾ പരന്നൊഴുകി തിങ്ങി പാർക്കുകയാണ്. കഠിന പാപികളായ, ദൈവഭയമില്ലാത്ത ജാതികൾ. ശത്രുക്കളുടെ അധീനതയിൽ കിടക്കുന്ന ആ ദേശത്ത് അതാ എസ്കോൽ താഴ്‌വരയിൽ കൊയ്ത്തിന് പാകമായി വിളഞ്ഞു കിടക്കുന്ന മധുരക്കനികൾ. മുള്ളുകൾക്കിടയിലെ റോസാപുഷ്പം പോലെ, ചെളിക്കുണ്ടിൽ വിരിഞ്ഞു നില്ക്കുന്ന മനോഹരമായ താമരപോലെ ശത്രുദേശത്തിൽ വിളഞ്ഞു കിടക്കുന്ന മുന്തിരിക്കുലയും, മാതളപ്പഴവും, അത്തിപ്പഴവും. ഹാ! എന്തൊരു അഴകാർന്ന കാഴ്ച. ശത്രുവായ സാത്താനാൽ ഭരിക്കപ്പെടുന്ന ഈ ലോകത്ത്, നാലു ചുറ്റും ശത്രു പാളയം അടിച്ചു കിടക്കുന്ന ഈ ലോകത്ത് എസ്കോൽ താഴ്‌വരയിലെ ആ മധുരക്കനികളെപ്പോലെ ആകേണ്ടവനാണ് വിശ്വാസി. ശത്രുവിനാൽ ചുറ്റപ്പെട്ട് കിടക്കുന്നവനായിരിക്കാം നീ. പക്ഷേ നിന്നിൽ നിന്ന് പുറപ്പെടേണ്ടത് മാധുര്യഫലങ്ങൾ ആയിരിക്കണം. ചന്തസ്ഥലത്ത് ചിന്തയ്ക്ക് പാത്രമാകേണ്ടവനാണ് വിശ്വാസി. അതേ വേറിട്ട ഒരുവൻ എന്നും വേർപെട്ട ഒരുവൻ എന്നും ലോകം നമ്മെക്കുറിച്ച് പറയട്ടെ. യാക്കോബ് പറയുന്നതുപോലെ ഉറവിന്റെ ഒരേ ദ്വാരത്തിൽ നിന്ന് മധുരവും, കൈപ്പുമുള്ള വെള്ളം പുറപ്പെടുവിക്കാതിരിക്കാം.

5. മുന്തിരിക്കുല, മാതളം, അത്തിപ്പഴം. പ്രത്യക്ഷത്തിൽ വലിയത് തണ്ടിന്മേൽ കെട്ടി ചുമന്ന മുന്തിരിക്കുല തന്നെ. പിന്നീട് മാതളം അതിനെക്കാൾ ചെറുത് അത്തിപ്പഴം. നല്ല നിലത്തു വീണ വിത്ത് ഫലം കൊടുക്കുന്നത് നൂറ്, അറുപത്, മുപ്പത് എന്നൊരു ക്രമം കർത്താവ് പറയുകയുണ്ടായി. ഇതിന്റെ ഒരു ചിത്രം ഫലങ്ങളുടെ ക്രമത്തിൽ കാണാം. മൂന്നു ഫലങ്ങളിലും ഏറ്റവും അധികം ആകർഷിക്കപ്പെടുന്നതും ശ്രദ്ധിക്കപ്പെടുന്നതും മുന്തിരിക്കുല തന്നെ. കർത്താവിന് വേണ്ടി ഏറ്റവും അധികം അധ്വാനിച്ചവരും, ഓടിയവരും സ്വർഗ്ഗത്തിൽ ഏറ്റവും അധികം മാനിക്കപ്പെടും. നാം കർത്താവിനു വേണ്ടി ചെയ്യുന്നതെല്ലാം നൂറുമേനി ലക്ഷ്യം വെച്ചുകൊണ്ടായിരിക്കട്ടെ. സ്വർഗ്ഗത്തിൽ ഏറ്റവും മിന്നിതിളങ്ങുന്ന നക്ഷത്രമാകണമെങ്കിൽ ഭൂമിയിൽ കർത്താവിനായി ചെയ്യുന്ന കാര്യങ്ങളിൽ നൂറുമേനി വിളവുണ്ടാകണം. പാതിവെന്ത ദോശകളാണ് അറുപതും മുപ്പതുമൊക്കെ. സ്വർഗ്ഗത്തിലേക്ക് ബി.പി.എൽ. കാർഡും കൊണ്ട് പോകാൻ തയ്യാറായിരിക്കുന്നവരാണവർ.

**ഈ യാത്ര ആത്മാവ് കൊണ്ടാരംഭിച്ച് ജഡം കൊണ്ട് അവസാനിപ്പിച്ചാൽ പുറപ്പെടുന്ന ഫലം കാട്ടുമുന്തിരിങ്ങയും, കാട്ടത്തിയും ആയിരിക്കും.**


6. എസ്കോൽ താഴ്‌വരയിൽ ശത്രുക്കൾ നിറഞ്ഞുകിടക്കുന്ന ദേശത്ത് മറഞ്ഞുകിടക്കുന്ന ആ മധുരഫലങ്ങൾ പകൽ വെളിച്ചത്തിലാണോ അതൊ ഇരുട്ടിന്റെ മറവിലൊ നമുക്കറിയില്ല, പറിച്ചെടുത്ത് മോശെയുടെ അടുത്തേക്ക് അവർ തിടുക്കത്തിൽ യാത്രയായി. ദൈവമക്കളായ നമ്മുടെ ശുശ്രൂഷയും ഇതു തന്നെയല്ലെ? ശത്രുവിന്റെ കീഴിൽ കിടക്കുന്ന ഈ ലോകത്ത് നിന്ന് ലോകസ്ഥാപനത്തിനു മുമ്പെ കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ പേരെഴുതപ്പെട്ട അനേകരെ ശത്രുവിന്റെ കൈവശത്തുനിന്ന് പറിച്ചെടുത്ത് ക്രിസ്തുവിനായി കൊടുക്കുന്ന ആ മഹത്വമാർന്ന ശുശ്രൂഷ ഏല്പിക്കപ്പെട്ടവരെല്ലെ നാം. പ്രാർത്ഥനയുടെ മറവിൽ അവരെ ശത്രുവിന്റെ മൂക്കിൻ തുമ്പിൽ നിന്ന് വലിച്ചെടുക്കാം. ശക്തമായ സുവിശേഷീകരണത്തിന്റെ മറവിൽ അവരെ ശത്രുവിന്റെ കീഴിൽ നിന്ന് വിടുവിക്കാം.

7. മുന്തിരിക്കുല, മാതളപ്പഴം, അത്തിപ്പഴം- ഈ ഫലങ്ങൾ എസ്കോൽ താഴ്‌വരയിലാണ് ഉണ്ടായി നില്ക്കുന്നത്. താഴ്‌വര താഴ്ചയുടെയും താഴ്മയുടെയും ചിത്രമാണ്. നാം താഴ്മയും വിനയവുമുള്ളവരായി ജീവിക്കുമ്പോൾ മാത്രമെ നമ്മിൽ നിന്ന് മധുരഫലങ്ങൾ പുറപ്പെടുകയുള്ളു. ദൈവം നിഗളികളോട് എതിർത്തു നില്ക്കുകയും, താഴ്മയുള്ളവർക്ക് കൃപ നല്കുകയും ചെയ്യുന്നു. തക്ക സമയത്ത് നമ്മെ ഉയർത്തേണ്ടതിന് ദൈവത്തിന്റെ ബലമുള്ള കൈക്കീഴ് താണിരിപ്പിൻ എന്ന് പത്രൊസ് പറയുന്നു. കർത്താവിനെക്കുറിച്ച് ഉത്തമഗീതത്തിൽ വർണ്ണിക്കുന്നത് താഴ്‌വരകളിലെ താമരപ്പൂവെന്നാണ്. താഴാവുന്നതിന്റെ ഏറ്റവും അടിത്തട്ടോളം താണവനാണ് നമ്മുടെ കർത്താവ്. മരണത്തോളം ക്രൂശിലെ മരണത്തോളം അവൻ സ്വയം താഴ്ത്തി. അവന്റെ മനുഷ്യത്വത്തിലും, താഴ്ചയിലും അവൻ താമരപ്പൂപോലെ ശോഭയും, സൗന്ദര്യവും ഉള്ളവൻ ആയിരുന്നു. ആ ഭാവം തന്നെയല്ലെ നാമും ധരിക്കേണ്ടത്. എന്തിനാണീ നിഗളം? എന്തിനാണീ താൻ

►

ഗോത്രങ്ങൾ തേടി..... 26

# സ്റ്റോഡ് ബോത്തി




| | | |
|---|---|---|
| ജനസംഖ്യ | : | 2500 |
| സാക്ഷരത | : | 60% |
| വചന ലഭ്യത | : | പരിഭാഷ ആരംഭിച്ചിട്ടില്ല |

**ഭൂരിഭാഗം ജനങ്ങളും വിദ്യാസമ്പന്നരും സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്നവരുമാണ്.**

വിഭിന്ന സംസ്കാരങ്ങൾ ഇടകലർന്ന പ്രകൃതിരമണീയമായ ഒരു സംസ്ഥാനമാണ് ഹിമാചൽ പ്രദേശ്. വിഭിന്ന സംസ്കാരക്കാരുടെ വാസസ്ഥലമാണ് സ്റ്റോഡ് താഴ്‌വര. സ്റ്റോഡ് ബോത്തി ഭാഷ സംസാരിക്കുന്ന ബോത്തി



ജനവിഭാഗം അവയിലൊന്നാണ്. സ്റ്റോഡ് ബോത്തി താഴ്‌വരയുടെ നാലുവശവും മഞ്ഞു മൂടിയ പർവ്വതങ്ങളാൽ ചുറ്റപ്പെട്ടതാണ്. മാതൃരാജ്യത്തിന്റെ വടക്കൻ അതിർത്തിയുടെ ശക്തരായ കാവല്ക്കാരാണീ പർവ്വത നിരകൾ. ഫലഭൂയിഷ്ഠമായ ഇവിടെ കൃഷിയാണ് ജനങ്ങളുടെ പ്രധാന തൊഴിൽ. പയറുവർഗ്ഗങ്ങൾ, ബീൻസ്, ഉരുളകിഴങ്ങ് ഇവയാണ് പ്രധാന വിളകൾ. കൂടാതെ ഗോതമ്പും നെല്ലും അവർ കൃഷി ചെയ്യുന്നു. ഭൂരിഭാഗം ജനങ്ങളും വിദ്യാസമ്പന്നരും സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്നവരുമാണ്.

മൂന്നു നിലകളോടു കൂടിയ ബോത്തികളുടെ വീടുകൾ പ്രധാനമായും കല്ലും തടിയുമുപയോഗിച്ചാണ് നിർമ്മിച്ചിരിക്കുന്നത്. ഏറ്റവും താഴത്തെ നില കന്നുകാലികൾക്കു വേണ്ടിയും ഒന്നാം നില അവരുടെ താമസത്തിനായും മുകളിലെ നിലയിൽ ധാന്യവും വിറകും സൂക്ഷിക്കുവാനുമുപയോഗിക്കുന്നു. വിശ്രമിക്കുന്നതിനും അതിഥികളെ സ്വീകരിക്കുന്നതിനും ഭക്ഷണം കഴിക്കുന്നതിനും, വെവ്വേറെ മുറികൾ ഇവർക്കുണ്ട്. കൂട്ടുകുടുംബ വ്യവസ്ഥിതി പിൻതുടരുന്ന ഇവർക്ക് ഏക്കറു കണക്കിന് കൃഷിഭൂമിയുണ്ട്. ഇവിടെ ഇവർ ഒരുമിച്ച് കൃഷി ചെയ്യുന്നു. ഇവർക്കാവശ്യമായ കമ്പിളി വസ്ത്രങ്ങൾ നിർമ്മിക്കുന്നത് ഇവരുടെ തന്നെ ആടുകളിൽ നിന്നാണ്.



ബോത്തി ജനത ബുദ്ധമത അനുയായികളാണ്. ഇവരുടെ ഭാഷ ടിബറ്റൻ ഭാഷയുമായി വളരെ സാമ്യമുള്ളതാണ്. മഞ്ഞു വീഴ്ചയും മലയിടിച്ചിലും മൂലം വർഷത്തിൽ ഭൂരിഭാഗവും ഇവരുടെ റോഡുകൾ ഉപയോഗശൂന്യമായിരിക്കും. വർഷത്തിൽ നാലുമാസക്കാലം മാത്രമാണ് ഇവർക്കു പുറംലോകവുമായി ബന്ധപ്പെടുവാൻ സാധിക്കുന്നത്.

1854-ൽ സുവിശേഷം ഇവരുടെ ഇടയിലേക്കു കടന്നു ചെന്നെങ്കിലും ബോത്തികളുടെ പ്രതികരണം വളരെ തണുത്തതായിരുന്നു. ഇപ്പോഴും ഇവരുടെ ഇടയിൽ പല മിഷണറി സംഘടനകളും സജീവമാണ്. ഇതുമൂലം ബോത്തി ഭാഷയിലുള്ള കാസെറ്റും, സുവിശേഷ ലഘുലേഖകളും ലഭ്യമാണ്. സുവിശേഷത്തോട് പ്രതികരിച്ച ചെറിയൊരു കൂട്ടം ബോത്തികൾ ഇപ്പോൾ ആരാധനയ്ക്കായും ബൈബിൾ പഠനത്തിനായും മുന്നോട്ടു വരുന്നു. ഇവരുടെ മാതൃഭാഷയിൽ ബൈബിൾ ലഭ്യമാകുമെങ്കിൽ അത് ബോത്തികളുടെ ഇടയിൽ ശക്തമായ ആത്മീയ ഉണർവ്വിന് വഴിതെളിക്കും.

**പ്രാർത്ഥനയ്ക്കായി...**

- സുവിശേഷവുമായി മിഷണറിമാർ ഇവിടേക്കു കടന്നു ചെല്ലേണ്ടതിന്....
- തികഞ്ഞ ബുദ്ധമത വിശ്വാസികളായ ഇവർ ക്രിസ്തുവിൽ വിശ്വസിക്കേണ്ടതിന്....
- ബൈബിൾ ബോത്തി ഭാഷയിൽ ലഭ്യമാകുവാൻ...

**ഇ.ജെ.പി.**

*(കടപ്പാട്: എൻ.എൽ. സി.ഐ.)*

---

▼ **എസ്കോൾ താഴ്‌വര....**

പോരിമ? എന്തു നേടാനായിട്ടാണ് ഭാവിക്കേണ്ടതിന് മീതെ ഭാവിച്ചുയരുന്നത്? എസ്കോൾ താഴ്‌വരയിലേക്ക് ഇറങ്ങിച്ചെല്ലുക. ശോഭയും, സൗന്ദര്യവും മാധുര്യവും നാം അവിടെ കണ്ടെത്തും.

8. ഫലശേഖരണത്തിനായി അവർ എസ്കോൾ താഴ്‌വരയോളം ചെന്നു. പാതിവഴിയിൽ യാത്ര അവസാനിപ്പിച്ച് മടങ്ങിപ്പോയില്ല. മികച്ച ഫലശേഖരണത്തിനായി ഏതറ്റംവരെയും പോകാൻ തയ്യാറായിരുന്നു അവർ. എസ്കോൾ താഴ്‌വരയോളം ചെല്ലാനുള്ള ഇച്ഛാശക്തി അവർ കാണിച്ചു. അവരുടെ ആ മനസ്സിനെ ദൈവം മാനിച്ചു. വലിയ കൊള്ള കണ്ടുകിട്ടിയവരെപ്പോലെ അവർ മടങ്ങുകയാണ്. പാലും തേനും ഒഴുകുന്ന നാട് എന്ന വാഗ്ദത്തം അക്ഷരംപ്രതി ശരിയെന്ന് അവർക്ക് ബോധ്യപ്പെട്ടത് എസ്കോൽ താഴ്‌വരയോളം ചെന്നതുകൊണ്ടാണ്. എസ്കോൽ താഴ്‌വരയോളം ചെന്നതുകൊണ്ടാണ് അവർ അന്നുവരെ കണ്ടിട്ടില്ലാത്ത ഫല സമൃദ്ധി കാണുവാനിടയായത്.

പ്രിയവിശ്വാസിയെ നിന്റെ ആത്മാവിനെ തടസ്സങ്ങളില്ലാതെ ചിറകടിച്ചുയരുവാൻ ഇട നല്കിയാൽ ഫലസമൃദ്ധിയുടെ കുത്തൊഴുക്കുതന്നെ നിന്നിൽ നിന്നുണ്ടാകും. ഇന്നനേകരും തുടങ്ങിയടുത്തുതന്നെ നില്ക്കുകയാണ്. നട്ടപ്പോഴും പറിച്ചപ്പോഴും ഒരു കുട്ട എന്ന അവസ്ഥയിലാണ്. പടവലങ്ങപോലെ അനേകരുടെ ആത്മികവളർച്ച കീഴോട്ടായിരിക്കുകയാണ്. പാതിവഴിയിൽ അവസാനിപ്പിക്കേണ്ടതല്ല ഈ യാത്ര. ആത്മാവ് കൊണ്ടാരംഭിച്ച് ജഡം കൊണ്ട് അവസാനിപ്പിച്ചാൽ പുറപ്പെടുന്ന ഫലം കാട്ടുമുന്തിരിങ്ങയും, കാട്ടത്തിയും ആയിരിക്കും.

9. എസ്കോൽ താഴ്‌വരയിൽ ഭാരം ചുമക്കാൻ മനസ്സുള്ള രണ്ടുപേർ ഉണ്ടായിരുന്നു. "ഒരു മുന്തിരിവള്ളി കുലയോടെ പറിച്ചെടുത്ത് ഒരു തണ്ടിന്മേൽ കെട്ടി രണ്ടുപേർ കൂടെ ചുമന്നു." അത് കാലേബും, യോശുവയും ആയിരുന്നിരിക്കണം. അവർ ആ ഭാരം ചുമക്കാൻ തയ്യാറായത് ദൈവികവാഗ്ദത്തം സത്യമാണെന്ന് ജനത്തെ ബോധ്യപ്പെടുത്താനും അവരെ ഉത്സാഹിപ്പിക്കാനും വേണ്ടിയാണ്. ദൈവം സത്യവാനെന്നും അവന്റെ

**എസ്കോൽ താഴ്‌വരയിൽ ചെറിയവയെ മറന്നുകളഞ്ഞില്ല.**

വാഗ്ദത്തങ്ങൾ മാറാത്തതെന്നും ലോകത്തെയും സഹവിശ്വാസികളെയും ബോധ്യപ്പെടുത്തുവാൻ ഏതു ഭാരവും ത്യാഗവും സഹിക്കാനുള്ള സന്നദ്ധത നമുക്കുണ്ടാകണം. റോമാലേഖനത്തിൽ വായിക്കുന്നത് ശക്തരായ നാം അശക്തരുടെ ബലഹീനതകളെ ചുമക്കുകയും നമ്മിൽ തന്നെ പ്രസാദിക്കാതിരിക്കയും വേണം എന്നാണ്. ഗലാത്യ ലേഖനം പറയുന്നത് തമ്മിൽ തമ്മിൽ ഭാരങ്ങളെ ചുമപ്പിൻ എന്നുമാണ്. വിശ്വാസികൾ പരസ്പരമുള്ള കൂട്ടായ്മയുടെ ഒരു നല്ല ചിത്രം ആണത്.

10. എസ്കോൽ താഴ്‌വരയിൽ ചെറിയവയെ മറന്നുകളഞ്ഞില്ല. "അവർ മാതളപ്പഴവും അത്തിപ്പ



ഴവും കൂടെ കൊണ്ടു പോന്നു." മുന്തിരിക്കുലയുടെ പ്രഭാവത്തിനും വലിപ്പത്തിനും മുന്നിൽ മാതളപ്പഴത്തിന്റെയും, അത്തിപ്പഴത്തിന്റെയും പ്രാധാന്യം കുറയ്ക്കുവാനോ, അതിനെ ഉപേക്ഷിച്ചുകളയുവാനോ അവർ തുനിഞ്ഞില്ല. വലിയവൻ ചെറിയവൻ, പണ്ഡിതൻ പാമരൻ, ധനവാൻ ദരിദ്രൻ എന്നിങ്ങനെയുള്ള വ്യത്യാസങ്ങൾ വിശ്വാസികൾക്കിടയിൽ നിഷിദ്ധമായിരിക്കേണ്ടതാണ്. വലിയവൻ ചെറിയവൻ വ്യത്യാസം സഭയിൽ പാടില്ലെന്നുള്ളത് യാക്കോബ് 2:1-4 വാക്യങ്ങൾ വ്യക്തമാക്കുന്നുണ്ട്. മത്തായി 23:9 ൽ കർത്താവ് പറയുന്നത് നിങ്ങളെല്ലാവരും സഹോദരന്മാർ. എന്ന് പറഞ്ഞാൽ പണത്തിന്റെയോ, പാരമ്പര്യത്തിന്റെയോ, കുലമഹിമയുടെയോ അതിർവരമ്പുകൾ ഇല്ലാത്തതാണ് കർത്താവ് വിഭാവനം ചെയ്ത സാഹോദര്യം. ഉന്നത കുലജാതനായ ഒരുവന്റെ ആത്മാവിനും മലമടയിൽ ജനിച്ചു ജീവിക്കുന്ന വേടന്റെ ആത്മാവിനും ദൈവസന്നിധിയിൽ വില ഒന്നാണ്. മനുഷ്യരായി പിറന്ന എല്ലാവർക്കും വേണ്ടിയാണ് ക്രിസ്തു ക്രൂശിൽ രക്തം ചിന്തിയത്.

നമ്മുടെ കർത്താവ് ഭൂമിയിലായിരുന്നപ്പോൾ വലിയവർക്ക് മാത്രമല്ല കുഞ്ഞുങ്ങൾക്കും പ്രാധാന്യം കൊടുത്ത് സംസാരിച്ചു. കുഞ്ഞുങ്ങളെ തന്റെ അടുക്കൽ വരുന്നത് തടഞ്ഞ ശിഷ്യരുടെ പ്രവൃത്തിയെ കർത്താവ് ശാസിച്ചതായി നാം കാണുന്നുണ്ട്. ചെറിയവയോടുള്ള യാക്കോബിന്റെ കരുതൽ ഉല്പത്തി 33:13,14 ൽ കാണാം. "കുട്ടികൾ നന്നാ ഇളയവർ എന്നും കറവുള്ള ആടുകളും കന്നുകാലികളും കൂടെ ഉണ്ടെന്നും യജമാനൻ അറിയുന്നല്ലോ; അവയെ ഒരു ദിവസം അധികമായി ഓടിച്ചാൽ കൂട്ടമെല്ലാം ചത്തുപോകും. യജമാനൻ അടിയനു മുമ്പായി പോയാലും; എന്റെ കൂടെയുള്ള കന്നുകാലികളുടെയും കുഞ്ഞുങ്ങളുടെയും പ്രാപ്തിക്കു ഒത്തവണ്ണം ഞാൻ സാവധാനത്തിൽ അവയെ നടത്തിക്കൊണ്ടു സേയീരിൽ യജമാനന്റെ അടുക്കൽ വന്നുകൊള്ളാം" എന്നു പറഞ്ഞു.

■

## പുസ്തക പ്രകാശനം

സുവിശേഷകൻ ഡേവിഡ് പി. ഐസക്ക് (രാജ്കോട്ട്) രചിച്ച "സുവിശേഷം ഗാന്ധിജിയുടെ നാട്ടിൽ" എന്ന പുസ്തകത്തിന്റെ പ്രകാശനം 23.02.2012 വ്യാഴം കോട്ടയം ബ്രദറൺ സഭാഹാളിൽ വച്ച് കെ.ഇ.എം. ഫണ്ട് സെക്രട്ടറി ബ്രദർ തോമസ് ചാണ്ടി ആദ്യ കോപ്പി സഹോ. കെ.വി. സാമുവേൽ, പെരുമ്പാവൂരിനു നല്കി പ്രകാശനം നടത്തി. അദ്ധ്യക്ഷൻ ശ്രീ. കുഞ്ഞുമോൻ തോട്ടപ്പള്ളിയും, സഹോദരൻമാരായ സി. റ്റി. ജോണിക്കുട്ടി, റോയ് മീൻപാറ, മോഹനൻ പറന്തൽ, ഐസക് ഏബ്രഹാം, ഷാജൻ പി. സി., സാം വെള്ളൂർ എന്നിവരും ശുശ്രൂഷകളിൽ സഹകരിച്ചു. പുസ്തകം ലഭിക്കുന്ന വിലാസം: Thomas P.I., Parakadavil, Vadavathoor P.O., Kottayam, Kerala. Ph. 9605852979. David P. Issac, P.O. Box 1026, Rajkot- 360003, Gujrat. Ph. 09228521344.



*ഡേവിഡ് പി. ഐസക്*

## ബിലീവേഴ്സ് റിവൈവൽ മീറ്റിംഗ്

**ലംതാപുട്ട് (ഒറീസ്സ):** വിശ്വാസത്തിന്റെ പേരിൽ സ്വന്തക്കാരിൽ നിന്നും എതിർപ്പുകളാൽ നിരാശയിലും, ഭയത്തിലും കഴിയുന്ന വിശ്വാസികളെ ഏകോപിച്ച്, ദൈവവചനത്താൽ അവരെ ധൈര്യപ്പെടുത്തുവാനും, ഉത്സാഹിപ്പിക്കുവാനും, കഷ്ടങ്ങൾ സഹിച്ച് വിശ്വാസത്തിനായി പോരാടേണ്ടതിന് ഒരുക്കിയെടുക്കുവാനുമായി നാലു ദിവസത്തെ ഒരു കുടുംബ സംഗമം ജൂൺ 21-24 വരെ നടത്തുവാൻ തീരുമാനിച്ചു. 250 ഓളം വിശ്വാസികൾ കുട്ടികളടക്കം ഇതിൽ സംബന്ധിക്കുമെന്ന് കണക്കു കൂട്ടുന്നു.

കേരളത്തിൽ നിന്നും ഒറീസ്സയിൽ നിന്നും കർത്താവിന്റെ ദാസന്മാർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകും. പ്രാർത്ഥിക്കുക.

കെ.സി. തോമസ്

ജെയ്സൺ പി. എബ്രഹാം, ദോഹ

# പുനരുത്ഥാന ശക്തി

**ക്രിസ്തുവിന്റെ പുനരുത്ഥാന ശക്തി നമ്മിൽ വ്യാപരിക്കുവാൻ നാം എന്തു ചെയ്യണം? ഈ മണ്ണിനെ മുറുകെ പിടിച്ചിരിക്കുന്നിടത്തോളം അതിനു സാധ്യമല്ല. നമ്മുടെ മുൻഗണന ഒന്നുകൂടെ പരിശോധിക്കുവാൻ ലേഖകൻ ഉദ്ബോധിപ്പിക്കുന്നു.**

**ആ**ഴ്ചവട്ടത്തിന്റെ ഒന്നാം നാൾ അതിരാവിലെ തന്നെ യേശുക്രിസ്തുവിനെ അടക്കം ചെയ്ത കല്ലറയുടെ സമീപം എത്തിയ ശിഷ്യർക്ക് കാണുവാൻ കഴിഞ്ഞത് ഒരു ഒഴിഞ്ഞ കല്ലറയാണ്. തുറക്കപ്പെട്ട ഒരേയൊരു കല്ലറയെയുള്ളൂ. അത് നസറായനായ യേശുവിന്റേതാണ്. "അവൻ ഇവിടെ ഇല്ല, താൻ പറഞ്ഞതു പോലെ ഉയിർത്തെഴുന്നേറ്റു" എന്ന സ്വർഗ്ഗീയ പ്രഖ്യാപനം ഇന്നും അന്തരീക്ഷത്തിൽ മാറ്റൊലി കൊള്ളുന്നു. മരിച്ചവരിൽ നിന്ന് ആദ്യമായി സ്വയം ഉയിർത്തെഴുന്നേറ്റത് യേശുക്രിസ്തു മാത്രമാണ്. അവൻ ദൈവമായതുകൊണ്ടാണ് അത് സാധിച്ചത്. മനുഷ്യനാൽ അസാധ്യം; ദൈവത്താൽ സാധ്യം. അതിന് മുമ്പ് ഉയിർത്തെഴുന്നേറ്റവർ എല്ലാം ക്രിസ്തു മുഖാന്തരം പുനരുത്ഥാനം ചെയ്യപ്പെട്ടവരാണ്. യേശുക്രിസ്തുവിന്റെ പുനരുത്ഥാനം കേവലം ഒരു ചരിത്ര സംഭവം എന്നതിനേക്കാളുപരി ദൈവത്തിന്റെ സർവ്വ ശക്തി വെളിപ്പെട്ട ഒരു സന്ദർഭവുമാണ്. പാപത്തിന്റെയും മരണത്തിന്റെയും മേൽ ദൈവത്തിന്റെ നീതി കൈവരിച്ച വിജയം. ഈ പുനരുത്ഥാനത്തിന്റെ ശക്തി വിശ്വാസത്താൽ ദൈവമക്കളിൽ വ്യാപരിക്കുന്നു. ക്രിസ്തു ഉള്ളിൽ വസിക്കുന്നവർ അവന്റെ പുനരുത്ഥാനത്തിൽ വെളിപ്പെട്ട ദൈവശക്തിയുടെ സജീവ സാക്ഷികളാണ്. എന്നാൽ അനുദിന ജീവിതത്തിൽ എത്ര പേരിൽ ഈ ശക്തി സമൃദ്ധിയായി വ്യാപരിക്കുന്നു എന്നുള്ളത് നാം ഗൗരവത്തോടെ ചിന്തിക്കേണ്ട ഒരു യാഥാർത്ഥ്യമാണ്. നമുക്ക് സമൃദ്ധിയായ ജീവൻ നൽകേണ്ടതിനു വേണ്ടിയാണ് കർത്താവ് ജീവൻ വെടിയുകയും ഉയിർത്തെഴുന്നേറ്റ് രാജാധിരാജാവായി വാഴുകയും ചെയ്യുന്നത്.

അവന്റെ പുനരുത്ഥാന ശക്തി നമ്മിൽ വ്യാപരിക്കുവാൻ നാം എന്ത് ചെയ്യണം? പ്രാഥമികമായി നമ്മുടെ മുൻഗണനാ ക്രമം പാടെ മാറ്റപ്പെടേണ്ടതായിട്ടുണ്ട്. ആത്മിക കാര്യങ്ങൾക്ക് ജീവിതത്തിൽ മുൻഗണന നാം നൽകണം. ഈ മണ്ണിന്റെ മഹിമകൾ എല്ലാം മരണം കൊണ്ട് അവസാനിക്കും. കാണുന്നവയെല്ലാം നശ്വരം; കാണാത്തവയോ നിത്യം എന്ന യാഥാർത്ഥ്യം അർത്ഥപൂർണ്ണമായി നാം ഉൾക്കൊള്ളേണ്ടതാണ്. ദൈവവിഷയമായി സമ്പന്നരായി തീർന്നാൽ നമ്മുടെ ഭൗതികാവശ്യങ്ങൾ നിശ്ചയമായും ക്രമീകൃതമായി ദൈവം നടത്തിത്തരും. ദൈവം നല്കിയിരിക്കുന്ന വിഭവങ്ങൾ ഉപയോഗിക്കുന്നതിന്റെ മുൻഗണന ആത്മിക വീക്ഷണത്തോടുകൂടെ ക്രമീകരിക്കുമെങ്കിൽ ജീവിതത്തിന്റെ സമസ്ത മേഖലകളിലും കർത്താവിന്റെ പുനരുത്ഥാനത്തിൽ വെളിപ്പെട്ട ദൈവശക്തിയുടെ വ്യാപാരം നമുക്ക് അനുഭവവേദ്യമാകും.

സ്വയത്തെ മരിപ്പിക്കുക എന്ന ശ്രമകരമായ ഒരു പടി കൂടെ പുനരുത്ഥാനശക്തി നിർഭരമായ ജീവിതത്തിന് അത്യന്താപേക്ഷിതമാണ്. ''ഒരുത്തൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശ് എടുത്ത് എന്നെ അനുഗമിക്കട്ടെ" (മത്താ.16:24). സ്വയത്തെ സമ്പൂർണ്ണമായി ത്യജിക്കുന്നതും സ്വയത്യാഗവും തമ്മിൽ വ്യത്യാസമുണ്ട്. കേവലം ചില സുഖ സൗകര്യങ്ങളോ ഭക്ഷണ പദാർത്ഥങ്ങളോ വർജ്ജിക്കുന്നതാണ് സ്വയത്യാഗം. എന്നാൽ സ്വയം ത്യജിക്കുക എന്നാൽ സ്വയത്തിന് അഥവാ നമ്മിലെ ജഡിക മനുഷ്യന് യാതൊരു വിധത്തിലുള്ള അവകാശവും അധികാരവും ഇല്ലാത്ത വിധത്തിൽ ക്രിസ്തുവിന്റെ അധികാരത്തിന് സ്വയത്തെ പരിപൂർണ്ണമായി കീഴ്പ്പെടുത്തി കൊടുക്കുക എന്നാണ് അർത്ഥം. അതായത് 'പാപം അതിന്റെ രാഗമോഹങ്ങളോട് കൂടെ വാണിരുന്ന നമ്മെ അതിൽ നിന്ന് മോചിപ്പിച്ച ക്രിസ്തുനാഥന് സമ്പൂർണ്ണ കർതൃത്വം നൽകുക. മിഷണറി വീരനായ ഹെൻട്രി മാർട്ടിൻ പറയുന്നു: ''കർത്താവേ എന്റെ സ്വന്ത ഇഷ്ടം ഒന്നും ഞാൻ ആഗ്രഹിക്കുന്നില്ല. എന്റെ ജീവിതത്തിൽ യാഥാർത്ഥമായ സൗഭാഗ്യം ബാഹ്യ സംഭവഗതികളെ ആശ്രയിച്ചാണിരിക്കുന്നതെന്ന് ഞാൻ കരുതുന്നില്ല. നിന്റെ ഹിതത്തിന് എന്റെ ഇഷ്ടത്തെ പൂർണ്ണമായി വിധേയപ്പെടുത്തുന്നതാണ് സന്തുഷ്ടി എന്നു ഞാൻ വിശ്വസിക്കുന്നു."

അസാധ്യമായവ പ്രതീക്ഷിക്കുക എന്നുള്ളതാണ് തുടർന്ന് നാം അനുവർത്തിക്കേണ്ട ഒരു ഗുണവിശേഷം. അബ്രഹാം അതിന് നമുക്ക് മാതൃകയാണ്. ദൈവകല്പന അനുസരിച്ച് വാഗ്ദത്ത സന്തതിയെ യാഗമർപ്പിച്ചാൽ ആ ചാരത്തിൽ നിന്നും അവനെ ഉയിർത്തെഴുന്നേൽപ്പിക്കുവാൻ ദൈവത്തിന് കഴിയും എന്ന് താൻ പ്രതീക്ഷിക്കുകയും വിശ്വസിക്കുകയും ചെയ്തു. ദൈവഹിത പ്രകാരമുള്ള പ്രതീക്ഷകൾ ഒരിക്കലും അസ്ഥാനത്താകുകയില്ല.

ആശയ്ക്ക് വിരോധമായി ആശയോടെ അസാധ്യമായവ പ്രതീക്ഷിക്കുവാൻ പൗലോസും നമ്മെ ആഹ്വാനം ചെയ്യുന്നു. കർത്താവ് മരിച്ച് അടക്കപ്പെട്ട് മൂന്നാം നാൾ ഉയിർത്തെഴുന്നേൽക്കുമെന്ന് ശിഷ്യന്മാരോട് പലതവണ പറഞ്ഞിരുന്നു എങ്കിലും പുനരുത്ഥാനം യാഥാർത്ഥ്യമാകുന്നതുവരെ അതിന്റെ പ്രായോഗികതയെ കുറിച്ച് അവർ അജ്ഞരായിരുന്നു. ഇത് അവരുടെ പ്രതികരണങ്ങളിൽ നിന്നും വളരെ വ്യക്തമാണ്. ദൈവത്തിങ്കൽ നിന്നും വൻകാര്യങ്ങളെ പ്രതീക്ഷിക്കുവാനും, ദൈവത്തിനായി വൻ കാര്യങ്ങളെ നേടുവാനും വില്യം കേറിയെപ്പോലെ നമുക്കും ഒരുക്കമുള്ളവരായിരിക്കാം.

ക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്റെ ശക്തി നമ്മിൽ വ്യാപരിക്കുവാൻ തുടർന്ന് നമുക്ക് ആവശ്യമായിരിക്കുന്നത് സകല ബുദ്ധിയേയും കവിയുന്ന ദൈവ സമാധാനത്താൽ നിറയപ്പെടുകയാണ്. ആത്മാവിനാൽ നിറയപ്പെടുമ്പോൾ ആത്മഫലത്തിൽ ഉൾപ്പെടുന്ന സമാധാനം ഹൃദയങ്ങളിൽ വാഴും. സമാധാന പ്രഭുവായ ക്രിസ്തുവിന്റെ കാർതൃത്വത്തിന് വിധേയരാകുകയാണ് ഇതിനായി നാം ചെയ്യേണ്ടത്. പ്രതിസന്ധി ഇല്ലാതാകുകയല്ല അതിന്റെ നടുവിൽ കരം പിടിച്ചു നടത്തുവാൻ മതിയായ കൃപ ദൈവം ലഭ്യമാക്കുകയാണ് ചെയ്യുന്നത്. അപ്പോൾ സ്വസ്ഥതയും സാവധാനതയുമുള്ളവരായിരിക്കുവാൻ കഴിയും. ക്രിസ്തുവിന്റെ പുനരുത്ഥാനം ശിഷ്യന്മാരുടെ ഹൃദയം കലങ്ങിയ അവസ്ഥയ്ക്ക് രൂപാന്തരം വരുത്തി. പുനരുത്ഥാനന്തരം അവർക്ക് പ്രത്യക്ഷനായ കർത്താവ് 'നിങ്ങൾക്ക് സമാധാനം' എന്ന് അരുളിച്ചെയ്തു. നമ്മുടെ വിശ്വാസനായകൻ രക്ഷയുടെ പൂർത്തിയായ ശരീരത്തിന്റെ വീണ്ടെടുപ്പിനായി വേഗം വരും, അന്ന് ജീവനോടിരിക്കുന്നവർ രൂപാന്തരപ്പെട്ട് അവനോട് അനുരൂപരാകും. ക്രിസ്തുവിൽ മരിച്ചവർ അവന്റെ പുനരുത്ഥാന ശക്തിയിൽ നിയന്ത്രിക്കപ്പെട്ടവരായി ആക്ഷരികമായി ഉയിർത്തെഴുന്നേൽക്കും. ക്ഷണഭംഗുരമായ ഈ ഐഹിക കാലം ക്രിസ്തുവിന്റെ പുനരുത്ഥാന ശക്തി വ്യാപരിക്കുന്ന മഹിമ കണ്ട സാക്ഷികളായി ഫലപ്രദമായി ജീവിക്കുവാൻ ദൈവം നമ്മെ പ്രാപ്തരാക്കട്ടെ.

## Jesus is alive!!!

On the first day of the week Mary Magdalene and the other Mary came to look at the grave and the angel appeared to them and communicated four important messages. (Mathew 28:1-6). They are:

**1. Do not be afraid 2. He is not here**
**3. He has risen 4. Come and see the place**

These are the four important lessons we must learn in connection with resurrection of Jesus. We can live without fear when we meditate upon resurrected Jesus. Jesus lives in my heart not in external places of worship. I live a resurrected joyful life because I too have been buried with Him and raised with Him so that I would walk in newness of life. I am crucified with Christ; now no more that I live but Christ lives in me, hence others can experience Jesus through my life, "come and see"! May this be your experience as you celebrate the resurrection of Jesus. Hallelujah, Jesus is alive and He lives in my heart!

*(courtesy)*

# സഭയിൽ ഞങ്ങളും നിങ്ങളും

**സഭയിൽ 'ഞങ്ങളും നിങ്ങളും' ഉണ്ട്. അത് ഭിന്നതയുടെ ആത്മാവിലല്ല; പിന്നെ എങ്ങനെ? കഴിഞ്ഞ ലക്കത്തിൽ നിന്നും തുടരുന്നു.**

കെ.വി. ഐസക്, പീച്ചി

എല്ലാ പരിശീലനവും ലഭിക്കേണ്ടത് സഭയിൽ നിന്നാണ്. ഇവിടെ പരിശീലിക്കേണ്ടത് വേറെ ഒരു സ്ഥലത്തുനിന്നും ലഭിക്കുന്നില്ല. മാതാപിതാക്കൾ, സഹോദരസഹോദരികൾ, സഭാമക്കൾ ഇവരോട് ചേർന്നു കർത്താവിൽ അനുസരണം പഠിക്കണം. പ്രാദേശിക സ്ഥലത്ത് സാക്ഷ്യത്തിനായി ശ്രമിക്കുന്നവർ ഇതെല്ലാം ഒരു പ്രാദേശിക സഭയിൽ - 'ഞങ്ങളിൽ നിന്നും...' എന്നു പറഞ്ഞാൽ നല്ല സഭാ നേതൃത്വത്തിൽ നിന്ന് പഠിക്കണം. ഇന്നത്തെ ബൈബിൾ സ്കൂളുകളിൽ പഠിച്ചു വരുന്നവർ പലരും സഭകളിൽ പാകപ്പെടുന്നില്ല. ഒരു ഡൈയിൽ വാർത്തത് മറ്റൊരു ഡൈയിൽ വാർത്തതുമായി ഫിറ്റ് ആകുന്നില്ല. സഭകളിൽ ആ നട്ടുകൾ പാകമാകുന്നില്ല. അതിനാൽ പലരും ബൈബിൾ സ്കൂൾ പഠനം കഴിഞ്ഞാൽ സ്വന്തം സഭയിൽ നില്ക്കുന്നില്ല. അവർ പഠിച്ചത് ഒന്നും ഇവിടെ പാകമാകുന്നില്ല. കാരണം എന്ത്? അവർ തിയറി മാത്രം പഠിച്ചു; പ്രായോഗികം ഇല്ല. പിന്നീട് അവർ ആഗ്രഹിക്കുന്നത് അവർ പഠിച്ച തിയറി പഠിപ്പിക്കാവുന്ന സ്ഥലമാണ്. അങ്ങനെ സഭയെക്കുറിച്ച് നല്ല തിയറി എഴുതുന്നവർ ഉണ്ട്. എന്നാൽ ഇവർ ഉൾപ്പെട്ടു നിൽക്കുന്ന സഭയിൽ ഇവയിൽ ഒന്നു പോലും നിവർത്തിപ്പാൻ ഇവർക്കു കഴിയുന്നില്ല. അവർ എഴുതി പഠിച്ചവരാണ്.

എന്നാൽ 'ഞങ്ങൾ' മാതൃക കാണിച്ചു കൊടുക്കുന്നവരാണ്. അതാണ് അപ്പൊസ്തലൻ പറഞ്ഞത് 1 കൊരി. 11:1. "ഞാൻ ക്രിസ്തുവിന്റെ അനുകാരി ആയിരിക്കുന്നതുപോലെ നിങ്ങളും എന്റെ അനുകാരികൾ ആകുവിൻ." 1 കൊരി. 4:16, ഫിലി. 3:17. ഇവിടെയെല്ലാം അനുകരിപ്പാനാണ് പറയുന്നത്. 'ഞങ്ങൾ' അനുകരണീയരായിരിക്കണം. 1 തെസ്സ. 1:6 ൽ പറയുന്നത് ശ്രദ്ധേയം ആകുന്നു. ''ബഹു കഷ്ടം സഹിക്കേണ്ടി വന്നിട്ടും നിങ്ങൾ പരിശുദ്ധാത്മാവിന്റെ സന്തോഷത്തോടെ വചനം കൈക്കൊണ്ടു ഞങ്ങൾക്കും കർത്താവിനും അനുകാരികളായി തീർന്നു..." ഒരു വ്യക്തിയല്ല, ഒരു കൂട്ടം ചെറുപ്പക്കാർ മാത്രമല്ല, ഒരു സ്ഥലം സഭ മുഴുവനും. ഇതാണ് 'ഞങ്ങളിൽ' നിന്നു വേണ്ടത്.

ഇന്നത്തെ വകതിരിച്ചുള്ള പഠനങ്ങൾ വ്യക്തികളെ ചില വ്യക്തികളിലേക്കു ആകർഷിക്കുന്നു. ഇതിനാൽ സ്ഥലം സഭയ്ക്കും സഭ നടത്തുന്നവർക്കും പ്രയോജനം ഇല്ല. ദാരിദ്ര്യം അനുഭവിക്കുന്ന വീട്ടിലെ കുട്ടികളെ ഒരാൾ ഒരു ദിവസം കൊണ്ടു പോയി ഒരു നേരത്തെ ആഹാരവും മധുരപലഹാരങ്ങളും വാങ്ങിക്കൊടുത്ത് വീണ്ടും അതേ വീട്ടിൽ വിട്ടാൽ ആ കുട്ടികൾ അന്നു സന്തോഷിക്കും. എന്നാൽ അവരുടെ വീട്ടിൽ അവർ പിന്നീട് ദുഃഖത്തിലും അതൃപ്തിയിലും കഴിയും. അതാണ് ഇന്ന് പിരിച്ചു പഠിപ്പിക്കുന്നതിൽ സാധിക്കുന്നത്.

ഇന്നു സഭകളിൽ വചന പഠനക്രമീകരണങ്ങൾ നടക്കണം. സഭകൾ വചന പഠനത്തിനും അനുസരണത്തിനും മുതിർന്നാൽ വൻ അഗ്നി കത്തും. വലിയ ജ്വാലകൾ ഉണ്ടാകും. ഇതാണ് 'ഞങ്ങൾ' ചെയ്യേണ്ടത്. അപ്പൊ. 20:30-31-ൽ പറയുന്നത് ശ്രദ്ധിക്കുക. ''ഞാൻ മൂന്നു സംവത്സരം രാപകൽ ഇടവിടാതെ കണ്ണുനീർ വാർത്തു കൊണ്ട് ഓരോരുത്തന് ബുദ്ധിപറഞ്ഞു തന്നത്... എന്നാൽ ചിലർ അതു ഗൗനിക്കാതെ വന്ന ദോഷം 1തിമൊ. 1:3 ൽ എടുത്തു പറയുന്നു. ചിലർ നല്ല മനസ്സാക്ഷി തള്ളി. ഇവർ കപ്പൽ വലിപ്പത്തിലുള്ള വിശ്വാസികളായിരുന്നു. തകർന്ന് ലോക കടലിൽ വീണു. ഇവർ മറ്റു വിശ്വാസ വഞ്ചികളിൽ കയറിപ്പിടിച്ച് അവരുടെയും വിശ്വാസം മറിച്ചു കളയുന്നു. 2 തിമോ. 2:18. കപ്പൽ മുങ്ങിയ സ്ഥലത്ത് ചെറുവഞ്ചികൾ ചെന്നാൽ കപ്പൽ മുക്കിയവർ ചെറുവഞ്ചികളും മുക്കും.

## ധ്വനി ബൈബിൾ ക്വിസ് – 3

**(ഉല്പത്തി പുസ്തകം)**

1. ലേയയെ അടക്കിയതെവിടെ?
2. കർത്താവ് ഒന്നാം നാളിൽ ഉയിർത്തെഴുന്നേറ്റു. ആ ദിവസം ദൈവം ഭൂമിയിൽ നടത്തിയ സൃഷ്ടി എന്തായിരുന്നു?
3. യാക്കോബിനെ പിൻതുടർന്നു പോയ ലാബാൻ എവിടെ വച്ച് യാക്കോബിനെ കണ്ടുമുട്ടി?
4. ലാബാനെ യാക്കോബ് എത്രവർഷം സേവിച്ചു?
5. യാക്കോബ് എന്തുമായിട്ടാണ് യോർദ്ദാൻ കടന്ന് പദ്ദൻ അരാമിലേക്കു പോയത്?
6. റാഹേലിനു വേണ്ടി യാക്കോബ് ലാബാനെ എത്രവർഷം സേവിച്ചു?
7. ശെഖേമിലെ പുരുഷന്മാരെ മുഴുവൻ കൊന്നതാര്? എന്തിന്?
8. മമ്രേയുടെ തോട്ടം എവിടെയായിരുന്നു?
9. അബ്രഹാം എത്ര അഭ്യാസികളുമായി ലോത്തിനെ വിടുവിച്ചു?
10. ശാലേം രാജാവിന്റെ പേരെന്ത്?

ബൈബിൾ റഫറൻസ് സഹിതം ഉത്തരങ്ങൾ *P.P. George, Post Box 91, Angamaly- 683 572* എന്ന വിലാസത്തിൽ അയയ്ക്കുക. ചോദ്യങ്ങൾ പ്രസിദ്ധീകരിച്ച തീയതി കഴിഞ്ഞ് 20 ദിവസത്തിനകം ഉത്തരങ്ങൾ ലഭിച്ചിരിക്കണം. ഉത്തരങ്ങൾ അയയ്ക്കുന്നവർ ക്വിസ് നമ്പരും തങ്ങളുടെ പൂർണ്ണ മേൽവിലാസവും കത്തിൽ രേഖപ്പെടുത്തണം.

## ഏകദിന ബൈബിൾ ക്ലാസ്സ്

**ചേപ്പാട്:** എബനേസർ ബ്രദറൺ അസംബ്ലിയുടെ ചുമതലയിലും സമീപ സഭകളുടെ സഹകരണത്തിലും ഒരു ഏകദിന ബൈബിൾ ക്ലാസ്സ് ചേപ്പാട് സഭാഹാളിൽ ക്രമീകരിക്കുന്നു. മെയ് 1 ചൊവ്വ രാവിലെ 10 മുതൽ വൈകിട്ട് 4 വരെ നടക്കുന്ന ഈ ബൈബിൾ ക്ലാസ്സിൽ കർത്തൃദാസൻ കെ.വി. ഐസക്, പീച്ചി വചനം ശുശ്രൂഷിക്കും. വചന പഠനത്തിനുള്ള ഈ അവസരം പ്രയോജനപ്പെടുത്തുകയും ദൈവജനം പ്രാർത്ഥിക്കുകയും ചെയ്യുമല്ലോ.

*കോശി തോമസ്*

## സുവിശേഷ പ്രവർത്തനം

**എറണാകുളം:** ഇരുമാസ കൂട്ടായ്മ യോഗത്തോടുള്ള ബന്ധത്തിൽ 12 സ്ഥലം സഭകളിലെ സഭാപ്രതിനിധികൾ കൂടി ആലോചിച്ച് തീരുമാനിച്ചതു പോലെ വൈപ്പിൻ, പനമ്പുകാട് സഭകളുടെ സഹകരണത്തിൽ സഭാ രൂപീകരണ ലക്ഷ്യത്തോടെ ഏകദിന സ്പെഷ്യൽ സുവിശേഷ പ്രവർത്തനം 2012 മെയ് 7 തിങ്കളാഴ്ച വൈപ്പിൻ കരയിലെ കർത്തേടത്ത് നടത്തുവാൻ കർത്താവിലാശ്രയിച്ചു തീരുമാനിച്ചിരിക്കുന്നു. ഈ പ്രവർത്തനത്തിന്റെ അനുഗ്രഹത്തിനും ആത്മാക്കൾ രക്ഷിക്കപ്പെടേണ്ടതിനും ദൈവമക്കൾ ആത്മാർത്ഥമായി പ്രാർത്ഥിക്കുക.

*കെ.സി. ഉദയൻ,*
*സി.എ. മാണി*

## എസ്.ബി.എസ്.ജനറൽ പ്രയർ

**വെണ്ണിക്കുളം:** സുവിശേഷകൻ ബാലസംഘം ജനറലിന്റെ ചുമതലയിൽ മാസം തോറും നടന്നു വരുന്ന പ്രാർത്ഥനായോഗം മെയ് 18 വെള്ളി വൈകിട്ട് 6 മണിക്ക് പെരുമ്പാവൂർ ബ്രദറൺ സഭാഹാളിൽ നടക്കുന്നതാണ്. ഈ പ്രാർത്ഥനായോഗത്തിലേക്ക് എല്ലാ ബാലസംഘം പ്രവർത്തകരെയും, പ്രാർത്ഥനാ സഹകാരികളേയും കർത്തൃനാമത്തിൽ ക്ഷണിച്ചു കൊള്ളുന്നു.

*സുവി. സി.എം. ചാക്കോ,*
*ജനറൽ പ്രയർ കോ-ഓർഡിനേറ്റർ*

## ഞങ്ങളും നിങ്ങളും

കഴിഞ്ഞ കാലത്ത് ഈ അനുഭവം ഉണ്ടായിട്ടുള്ളതാണ്. തിമൊഥെയോസിനോട് പറഞ്ഞത് ഇന്നു കേരളത്തിലുള്ള ബ്രദറൺ ഉപദേഷ്ടാക്കളോടും പറയുന്നു- നിങ്ങൾ സഭാതലങ്ങളിൽ താമസിക്കേണം. സഭാതലങ്ങൾ ഉപദേശത്തിൽ കുഴഞ്ഞും കലങ്ങിയും, ഭിന്നിച്ചും കഴിയുന്നു. 'ഞങ്ങൾ' ചെയ്യേണ്ടത് സഭയ്ക്കു ലഭിക്കുന്നില്ല. ഇതാണ് ഇന്നത്തെ അനുഭവം. ആണ്ടിൽ ഒരിക്കൽ നടക്കുന്ന കൺവൻഷനിൽ പകൽ നടക്കുന്ന ബൈബിൾ ക്ലാസ്സ്, വല്ലപ്പോഴും നടക്കുന്ന ഏകദിന ക്ലാസ്സ് ഇവ വിവാഹ സദ്യയ്ക്കു പോകുന്നതു പോലെ എല്ലാവർക്കും ഇഷ്ടഭക്ഷണം ആയിരിക്കില്ല. ഭവനത്തിൽ കുഞ്ഞുങ്ങൾക്ക് ഇഷ്ടഭക്ഷണം നൽകുന്നു ഇതാണ് സഭാതലത്തിൽ നല്കേണ്ടത്. ഇതു തന്നേ'ഞങ്ങൾ' 'നിങ്ങൾ' എന്നുള്ളതിന്റെ നല്ല അടയാളം.

നേതൃത്വവും നടത്തപ്പെടുന്നവരും തമ്മിലുള്ള അന്തരമാണ് ഇന്ന് സഭാതലങ്ങൾ ശക്തിപ്പെട്ട് വചനത്തിൽ വളരാതിരിക്കുന്നതിനുള്ള കാരണം. ലോകമയത്വം സഭയ്ക്കുള്ളിൽ കടന്നു; ഇന്ന് പുതിയ തലമുറ യേശുവിൽ ഉള്ള ഭക്തി, പ്രേമം, എന്നിവ വിട്ട് യൗവന മോഹത്താലും, ജഡിക ഇച്ഛകളാലും വലഞ്ഞു പോകുന്നു. പ്രേമ വിവാഹം, വിവാഹ മോചനം പിന്നെ ഇഷ്ടമുള്ളവരെ എടുക്കുക എന്നീ നോഹയുഗത്തിലെ പാപങ്ങൾ സഭാതലത്തിൽ വരുന്നു. കായീന്യ പാരമ്പര്യം ഉപദേശിക്കുന്ന ഉപദേഷ്ടാക്കൾ പെരുകുന്നു.

അതുകൊണ്ട് 'ഞങ്ങൾ' മാതൃക കാണിച്ചു കൊടുക്കുന്നവരായും, 'നിങ്ങൾ' ഞങ്ങൾക്കും കർത്താവിനും അനുകാരികൾ ആകുവിൻ എന്നു പറയത്തക്ക പ്രാഗത്ഭ്യം ഉള്ളവരായും ഇരിക്കേണ്ടതിന് ഓരോ സഭകളെയും കർത്താവ് ഉണർത്തട്ടെ. ■

അനുസ്മരണം

### പേരങ്ങാട്ടുപടിക്കൽ

## ഈശോ തോമസ് മഹത്വതീരത്ത്

കർത്താവിൽ പ്രസിദ്ധനായ സി.എച്ച്. മക്കിന്റോഷിന്റെ ഉല്പത്തി മുതൽ ആവർത്തനം വരെയുള്ള അഞ്ചു വ്യാഖ്യാന ഗ്രന്ഥങ്ങൾ ഇംഗ്ലീഷിൽ നിന്നും മലയാളത്തിലേക്കു മൊഴി മാറ്റം നടത്തി പ്രസിദ്ധീകരിച്ച കർത്തൃദാസൻ ഈശോ തോമസ് (95) ഏപ്രിൽ മാസം 11-ാം തീയതി മഹത്വത്തിലേക്കു ചേർക്കപ്പെട്ടു. കൂടാതെ ഹെൻട്രി വില്യം സോൽട്ടാവയുടെ സമാഗമനകൂടാരം, യാഗങ്ങൾ, പൗരോഹിത്യം തുടങ്ങിയ നിരവധി മഹത്ഗ്രന്ഥങ്ങൾ ക്രൈസ്തവ കൈരളിക്ക് സമ്മാനിച്ച അദ്ദേഹം കിടങ്ങന്നൂർ ബ്രദറൺ അസംബ്ലി സ്ഥാപകനും, മൂപ്പന്മാരിൽ ഒരാളുമായിരുന്നു.

വാർധക്യ സഹജമായ രോഗങ്ങളാൽ ക്ഷീണിതനായിരുന്ന അദ്ദേഹം തന്റെ ഓട്ടം തികച്ച് താൻ പ്രത്യാശ വെച്ചിരുന്ന മഹത്വത്തിലേക്ക് ചേർക്കപ്പെടുകയാണുണ്ടായത്. കിടങ്ങന്നൂർ ബ്രദറൺ സഭയുടെ നേതൃത്വത്തിൽ ഭൗതീക ശരീരം 17-4-2012 ൽ സഭാസെമിത്തേരിയിൽ സംസ്കരിച്ചു. തദവസരത്തിൽ കർത്തൃദാസന്മാരായ ചാൾസ് ജോൺ റാന്നി, ചാണ്ടപ്പിള്ള ഫിലിപ്പ് കോട്ടയം, എ.വി.ഏബ്രഹാം പുല്ലാട് തുടങ്ങിയ കർത്തൃദാസന്മാർ ആശ്വാസദൂതുകൾ നൽകി. ക്രൂശിന്റെ സന്ദേശം ഭാരതത്തിലുടനീളം എത്തിക്കുവാൻ ഉൽസുകനായിരുന്ന അദ്ദേഹം വൈ. എം.ഇ.എഫ്. പ്രവർത്തനങ്ങളെ ധാരാളമായി സഹായിച്ചിരുന്ന കാര്യം ബ്ര. വി.എസ്. മാത്യു പരിയാരം, പി.റ്റി. ഏബ്രഹാം കല്ലിശ്ശേരി എന്നിവർ അനുസ്മരിക്കുകയുണ്ടായി. തദവസരത്തിൽ കിടങ്ങന്നൂരിലും പരിസ



രങ്ങളിലുമുള്ള അനേകം ദൈവമക്കൾ ഈ ശുശ്രൂഷയിൽ പങ്കെടുക്കുകയുണ്ടായി.

ഭാര്യ: പരേതയായ ചിന്നമ്മ ഈശോ. മക്കൾ: ഡോ. ഈശോ തോമസ്, ജെയിംസൺ പി. ഈശോ. മരുമക്കൾ: സൂസി തോമസ്, ബീനാ ജെയിംസൺ.

ഞാൻ തന്നേ പുനരുത്ഥാനവും ജീവനും ആകുന്നു, എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. ജീവിച്ചിരുന്നു എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരുനാളും മരിക്കയില്ല എന്ന് അരുളിച്ചെയ്ത വാഴ്ത്തപ്പെട്ട കർത്താവ് ദുഃഖത്തിലിരിക്കുന്ന മക്കളേയും, കൊച്ചുമക്കളേയും ബന്ധുമിത്രാദികളേയും ആശ്വസിപ്പിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

*ജോർജ്ജ് സി. വർഗീസ്,*
*തിരുവനന്തപുരം*

## ഷാർജാ ബ്രദറൺ അസംബ്ലി റിലീഫ് ഫണ്ട്

ഷാർജാ ബ്രദറൺ സഭയുടെ റിലീഫ് ഫണ്ടിന്റെ ആഭിമുഖ്യത്തിൽ 2012 ആഗസ്റ്റ് മാസത്തിൽ വിതരണം ചെയ്യാനാഗ്രഹിക്കുന്ന സാമ്പത്തിക സഹായങ്ങൾക്കുള്ള അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. സാമ്പത്തിക സഹായം താഴെപ്പറയുന്ന 3 ആവശ്യങ്ങൾക്കാണ് നൽകാനാഗ്രഹിക്കുന്നത്.

1. രോഗികൾക്കുള്ള സഹായം 2. വിദ്യാഭ്യാസ സഹായം 3. വിധവമാരായ സഹോദരിമാർക്കുള്ള സഹായം. അപേക്ഷകർ ബ്രദറൺ സഭകളിൽ നാലുവർഷമായി കർത്തൃമേശയിൽ സംബന്ധിക്കുന്നവരായിരിക്കണം. കഴിഞ്ഞ വർഷം ഈ ഫണ്ടിൽ നിന്നും സഹായം ലഭിച്ചിട്ടുള്ളവരും, ഭവനത്തിലുള്ള ആരെങ്കിലും വിദേശത്തോ, ബിസിനസ്സോ ഉള്ളവർ അപേക്ഷിക്കേണ്ടതില്ല. *അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി മെയ് 31 ആണ്.*

**അപേക്ഷാ ഫോറം**

1. അപേക്ഷകന്റെ / അപേക്ഷകയുടെ പേര്, വിലാസം 2. വയസ്സ് 3. ഉൾപ്പെട്ടു നിൽക്കുന്ന സ്ഥലം സഭ 4. രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ടതാണോ? എത്ര വർഷമായി. 5. അപേക്ഷകന് / അപേക്ഷകയ്ക്ക് സ്ഥിരം വരുമാനം ഉണ്ടോ? ഉണ്ടെങ്കിൽ എന്താണ്? 6. അപേക്ഷകന്റെ കുടുംബത്തിൽ (അപ്പൻ, അമ്മ, മകൻ, ഭാര്യ, ഭർത്താവ്) ആരെങ്കിലും വിദേശത്തോ, സ്വദേശത്തോ ജോലിയോ, ബിസിനസ്സോ ഉണ്ടോ? ഉണ്ടെങ്കിൽ എന്താണ്? എവിടെ? 7. സഭാകൂട്ടായ്മയിൽ ആയിട്ട് എത്ര വർഷമായി. 8. അപേക്ഷകന്റെ / അപേക്ഷകയുടെ തൊഴിൽ, വിദ്യാഭ്യാസം 9. എ. വിധവയായിട്ട് എത്ര വർഷമായി. ബി. അസുഖ വിവരങ്ങൾ സി. വിദ്യാഭ്യാസത്തെപ്പറ്റിയുള്ള വിശദീകരണം.

മുകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ വാസ്തവമാണ്.

സ്ഥലം.........................തീയതി...................ഒപ്പ്...................

അപേക്ഷകൻ/ അപേക്ഷക.........................................

വർഷങ്ങളായി സഭാകൂട്ടായ്മയിൽ നല്ല സാക്ഷ്യം പുലർത്തിവരുന്ന വ്യക്തിയാകുന്നു. മുകളിൽ എഴുതിയിരിക്കുന്ന കാര്യങ്ങളെല്ലാം വസ്തുനിഷ്ടവും അപേക്ഷകൻ/ അപേക്ഷക സഹായം ലഭിക്കാൻ അർഹിക്കുന്നവർ ആകുന്നു.

1. സഭാമൂപ്പൻ 2. സഭാമൂപ്പൻ 3. സുവിശേഷകൻ

അപേക്ഷകൻ താഴെകാണുന്ന വിലാസത്തിൽ മാത്രമേ അയയ്ക്കാവൂ. സഭയുടെ പേരിൽ അയയ്ക്കരുത്.

Bro.V.P. Mathew
P.O. Box 1889,
Sharjah, UAE

## മഹത്വത്തിൽ

**തിമ്മസമുദ്രം (ആന്ധ്ര):** പ്രസിദ്ധ തെലുങ്കു സുവിശേഷ പ്രഭാഷകൻ ബ്രദർ രാജ റാവു (77) ഏപ്രിൽ 11-ന് കർത്തൃസന്നിധിയിലേക്കു പ്രവേശിച്ചു. 60 വർഷത്തെ പ്രവർത്തനങ്ങൾ കൊണ്ട് നിരവധി പേരെ കർത്താവിങ്കലേക്കു നടത്തിയിട്ടുണ്ട്. നിരവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുമുണ്ട്. ഭൗതിക ശരീരം ഏപ്രിൽ 13-ന് പ്രത്യാശയോടെ സംസ്കരിച്ചു. ദുഃഖത്തിലിരിക്കുന്ന ഭാര്യയെയും മക്കളെയും ദൈവജനം പ്രാർത്ഥനയിൽ ഓർക്കുക.

**റാന്നി:** സീയോൻകുന്ന് സഭാംഗമായ കരികുളം മുളംകുന്നിൽ എം.എ. ജോർജ്ജ് (86) ഏപ്രിൽ 14-ന് ഫ്ളോറിഡയിൽ വച്ച് കർത്തൃസന്നിധിയിലേക്കു ചേർക്കപ്പെട്ടു. സംസ്കാരം 17-നു ഫ്ളോറിഡായിൽ ഫോറസ്റ്റ് ലോൺ സെമിത്തേരിയിൽ നടന്നു. വേർപാടിന്റെ ദുഃഖത്തിൽ കഴിയുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.

**കിടങ്ങന്നൂർ:** പേരങ്ങാട്ടു പടിക്കൽ ഈശോ തോമസ് (95) ഏപ്രിൽ 11-ന് താൻ പ്രിയം വച്ചിരുന്ന മഹത്വതീരത്തേക്കു മാറ്റപ്പെട്ടു. ഏപ്രിൽ 17-ന് ഇടയാറന്മുള ബ്രദറൺ സഭയുടെ ചുമതലയിൽ അനക ദൈവമക്കളുടെ സാന്നിധ്യത്തിൽ ഭൗതിക ശരീരം പ്രത്യാശയോടെ സംസ്കരിച്ചു. ദുഃഖിതരായ കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.

**മഴുക്കീർ (കല്ലിശ്ശേരി):** കാട്ടുവേലിൽ ബ്രദർ കെ. കുര്യാക്കോസിന്റെ ഭാര്യ വത്സമ്മ കുര്യാക്കോസ് ഏപ്രിൽ 14-ന് താൻ പ്രിയം വച്ചിരുന്ന രക്ഷകന്റെ സന്നിധിയിലേക്കു ചേർക്കപ്പെട്ടു. കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ വഹിച്ചാലും.

## റാന്നി കൺവൻഷൻ

റാന്നിയിലും പരിസരത്തുമുള്ള 22 പ്രാദേശിക ബ്രദറൺ സഭകൾ സംയുക്തമായി നടത്തിവരുന്ന റാന്നി കൺവൻഷൻ, ദൈവഹിതമായാൽ 2012 നവംബർ 6 ചൊവ്വ മുതൽ 11 ഞായർ വരെ റാന്നി ബ്രദറൺ ആഡിറ്റോറിയത്തിൽ വെച്ച് നടത്തുവാൻ കർത്താവിൽ ആശ്രയിച്ച് തീരുമാനിച്ചിരിക്കുന്നു. പ്രസംഗകർ: സുവിശേഷകന്മാരായ ബില്ലി പി. ജേക്കബ്-സിലിഗുരി, ജോൺ പി. തോമസ്- എറണാകുളം, ചാണ്ടപ്പിള്ള ഫിലിപ്പ്- കോട്ടയം, ജോർജ്ജ് ചാക്കോ- മാവേലിക്കര, കെ.വി. മാത്യു- മണ്ണാറത്തറ, ജെയിംസ് തോമസ്- റാന്നി.
പി.പി. ഫിലിപ്പ്- 9946964884, ജോർജ്ജ് സി. ജേക്കബ്- 9745340820

## പ്രാർത്ഥനായോഗം

**കൊട്ടാരക്കര:** സുവിശേഷകന്മാരുടെ പ്രാർത്ഥനായോഗം മെയ് 1 ചൊവ്വ രാവിലെ 10 മുതൽ കല്ലിശ്ശേരി ബി.ബി.സി. ഓഡിറ്റോറിയത്തിൽ നടക്കുന്നു. സുവിശേഷകന്മാർ പ്രാർത്ഥനയോടെ പങ്കെടുക്കുക.

*സാം സഖറിയ*

# സ്തോത്രത്തിനും പ്രാർത്ഥനയ്ക്കും

**കുളമാവ് (ഇടുക്കി):** കഴിഞ്ഞ മാസങ്ങളിൽ തൃപ്പൂണിത്തുറ സഭയിലെ സഹോദരൻ ശാമുവേൽ മാത്യുവിന്റെ നേതൃത്വത്തിൽ അങ്കമാലി, എറണാകുളം, മഞ്ഞപ്ര തുടങ്ങി വിവിധ സ്ഥലം സഭകളിൽ നിന്നും മുപ്പത്തി അഞ്ചോളം സഹോദരന്മാർ പ്രവർത്തനങ്ങളിൽ സഹകരിക്കുകയും വലിയമാവ്, കോഴിപ്പള്ളി തുടങ്ങിയ ആദിവാസിക്കുടികളിൽ സുവിശേഷം അറിയിക്കുകയും 8 പേർ രക്ഷിക്കപ്പെടുകയും ചെയ്തു. അന്നേ ദിവസം സഹോദരി ഏലമ്മ സഭയിലെ സഹോദരിമാർക്കു വേണ്ടി ബൈബിൾ ക്ലാസ്സ് നടത്തി.

ഏപ്രിൽ മാസം 7-ാം തീയതി സഹോദരൻ എ.എം. പ്രസാദ് മുള്ളരിങ്ങാട് 3 പേരുടെ സ്നാനശുശ്രൂഷയും സഹോദരൻ രാജൻ ആരക്കുഴ, സഹോദരൻ റോയ് പൗലോസ് ഇടുക്കി ബൈബിൾ ക്ലാസ്സും നടത്തി. കുളമാവിന്റെ സമീപ പ്രദേശങ്ങളിലും (കോഴിപ്പള്ളി, നാടുകാണി, കരിപ്പിലങ്ങാട്) ജനവാസമുള്ള ഉൾവനങ്ങളിലും (വലിയമാവ്) ഉള്ള ആദിവാസിക്കുടികളിൽ സുവിശേഷ പ്രവർത്തനങ്ങൾ നടന്നു വരുന്നു. മുത്തിയുരുണ്ടയാറിലും, നാടുകാണിയിലും, സ്ഥലം സഭകൾ ഉണ്ടാകേണ്ടതിനും കുളമാവ് സഭയുടെ പ്രവർത്തനങ്ങളെ ഓർത്തു പ്രാർത്ഥിച്ചാലും.

*ജോൺസൺ സി.എസ്.*

# 25 വർഷം പിന്നിട്ട മേഴ്സി ഹോം




**അ**ശരണരും വാർധക്യത്തിന്റെ ബലഹീനതയിൽ കഴിയുന്നവരുമായ സഹവിശ്വാസികളെ സൗജന്യമായി സംരക്ഷിക്കുന്നതിന് അഭയസ്ഥാനങ്ങൾ ഉണ്ടാകണമെന്ന ഉദ്ദേശത്തോടുകൂടി ബ്രദറൺ മേഴ്സി ട്രസ്റ്റിന്റെ ചുമതലയിൽ 1-3-1987-ൽ പുല്ലാട്ട് വാടകകെട്ടിടത്തിൽ തുടക്കം കുറിച്ച മേഴ്സി ഹോം 22-5-1991 മുതൽ കുമ്പനാട്ട് സ്വന്തമായ കെട്ടിടത്തിൽ നടന്നു വരികയാണ്. നാലു കിടക്കമുറികളോടുകൂടി ചുരുങ്ങിയ നിലയിൽ പ്രവർത്തിച്ച് തുടങ്ങിയ ഈ ഭവനത്തിന് അത്യാവശ്യമനുസരിച്ചും ഫണ്ടിന്റെ ലഭ്യത അനുസരിച്ചും തുടർ നിർമ്മാണങ്ങൾ നടത്തുവാൻ ദൈവം കൃപ ചെയ്തു.

രണ്ട് കിടക്കമുറികളും അനുബന്ധ സൗകര്യങ്ങളും ഉണ്ടാക്കണമെന്നുള്ള തീരുമാന പ്രകാരം 4-3-2011-ൽ പണികൾ തുടങ്ങി. ദൈവജനത്തിന്റെ പ്രാർത്ഥനയാൽ നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കുകയും ചെയ്തു. ദൈവം ഈ സ്ഥാപനത്തെ കഴിഞ്ഞ 25 വർഷം നടത്തിയ വിധത്തെയോർത്ത് സ്തോത്രം ചെയ്യുന്നു. പുതിയ മുറികളുടെ പണി പൂർത്തീകരിച്ചതിനെയോർത്ത് നന്ദിനിറഞ്ഞ ഹൃദയത്തോടെ 2012 മാർച്ച് മാസം 2-ാം തീയതി അനേകം ദൈവമക്കൾ മേഴ്സി ഹോമിൽ ഒന്നിച്ചുകൂടി സകലമഹത്വവും ദൈവത്തിന് അർപ്പിച്ചു. ശുശ്രൂഷകൾക്ക് കർത്തൃദാസന്മാരായ എം.എം. സഖറിയ കോട്ടയം, വർഗീസ് കെ. കുര്യൻ പാമ്പാടി മുതലായവർ നേതൃത്വം നല്കി. ഇതോടനുബന്ധിച്ച് 2012 ഫെബ്രുവരി 29, മാർച്ച് 1,2 എന്നീ തീയതികളിൽ രാത്രിതോറും നടന്ന സുവിശേഷ യോഗങ്ങളിൽ കർത്തൃദാസന്മാരായ ചാൾസ് ജോൺ റാന്നി, പി.ജി. ജെയിംസ് തണ്ണിത്തോട്, പ്രൊഫ, മാത്യൂസ് ഏബ്രഹാം കൊട്ടാരക്കര എന്നിവർ പ്രധാന ശുശ്രൂഷകൾ നിർവ്വഹിച്ചു.

ഇപ്പോൾ മേഴ്സി ഹോമിൽ അന്തേവാസികളായി 9 പേരും മേട്രനും 2 സഹായികളും ഉണ്ട്. ദൈവമക്കൾ സഭകളായും വ്യക്തികളായും ഈ സ്ഥാപനത്തെ ഓർത്ത് തുടർന്നും പ്രാർത്ഥിക്കുമല്ലോ.

*സെക്രട്ടറി*

## ടി.എം.എമ്മിൽ നേഴ്സിംഗ് അഡ്മിഷൻ

സാമ്പത്തിക പരാധീനത അനുഭവിക്കുന്ന കുടുംബങ്ങളിലുള്ള സമർത്ഥരായ കുട്ടികൾക്ക് നേഴ്സിംഗ് വിദ്യാഭ്യാസത്തിന് തിരുവല്ല മെഡിക്കൽ മിഷൻ അവസരം ഒരുക്കുന്നു. 'ഇപ്പോൾ പഠനം പിന്നെ ഫീസ്' എന്ന പദ്ധതിയിലൂടെ ജനറൽ നേഴ്സിംഗ് (മൂന്നര വർഷം) പഠനത്തിനുള്ള അവസരം ടി.എം.എം. സ്കൂൾ ഓഫ് നേഴ്സിംഗിൽ നടപ്പിലാക്കിയിരിക്കുന്നു. പഠനം പൂർത്തിയാക്കി ജോലിയിൽ പ്രവേശിക്കുമ്പോൾ മുതൽ ഫീസ് തിരിച്ചടയ്ക്കുക എന്ന ഈ പദ്ധതിപ്രകാരം പുതിയ അധ്യയന വർഷത്തിലേക്കുള്ള പ്രവേശനം ഉടനെ ആരംഭിക്കുന്നു.

ബി.എസ്.സി., എം.എസ്.സി. നേഴ്സിംഗ് കോഴ്സുകൾക്ക് ഈ വർഷം മുതൽ 50% സീറ്റുകൾ ഗവൺമെന്റ് കോട്ടയിലുള്ളതാണ്. ഇതിൽ 15% സീറ്റുകൾ മെറിറ്റ് അടിസ്ഥാനത്തിൽ ബ്രദറൺ വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്കുള്ളതാണ്. എല്ലാ അപേക്ഷകരും എൽ.ബി.എസ്. സെന്ററിലും ടി.എം.എം. കോളേജിലും മെയ് 10-നു മുമ്പ് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

ഒരു വർഷത്തെയെങ്കിലും ജോലി പരിചയമുള്ള ബി.എസ്.സി. നേഴ്സുമാർക്ക് എം.എസ്.സി. നേഴ്സിംഗിന് അപേക്ഷിക്കാം. കേരള സർക്കാരിന്റെ പ്രവേശന പരീക്ഷയിൽ പങ്കെടുക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:
Tiruvalla Medical Mission, College of Nursing, Anjilithanam P.O., Kaviyoor, 689 581. Ph: 0469 2618655, 2626433. Mob. 919447708374.
Email: tmmcollege@gmail.com. www.tmmnursingcollege.in

## ദൈവജനത്തിന്റെ ശ്രദ്ധയ്ക്ക്

**കൊടകര:** കൊടകര സഭാംഗമായ സഹോദരൻ എം.ആർ. ഷൈജുവും കുടുംബവും കൊടകര സഭയോടുള്ള ബന്ധത്തിൽ ആരാധിക്കുകയും സുവിശേഷ വയലിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു. തന്റെ വേലയ്ക്കായുള്ള വിളി സഭയ്ക്ക് ബോധ്യമായതിനാൽ സഹോദരനെ ഒരു സുവിശേഷകൻ ആയി സഭ അംഗീകരിച്ചിരിക്കുന്നു. സഹോദരനേയും കുടുംബത്തേയും നിങ്ങളുടെ വിലയേറിയ പ്രാർത്ഥനയിൽ ഓർക്കുകയും സഹകരിക്കുകയും ചെയ്യണമെന്ന് കർത്തൃനാമത്തിൽ അപേക്ഷിക്കുന്നു.

സഹോദരന്റെ മേൽവിലാസം: Bro. M.R. Shaiju, Menachery House, Elinjipra P.O., Chalakudy. 680 721. Mob: 9947707989

**ചിന്ത**

*റ്റി. വി. എസ്.*

# ദൈവത്തിന്റെ കരങ്ങളിലെ യാചക ബാലന്മാർ

**സാ**ധുക്കളേയും അനാഥരേയും വേണ്ടതുപോലെ കാണുവാൻ കഴിയാത്തതിനാൽ അവരെ അവഗണിക്കുക സാധാരണയാണ്. എന്നാൽ ദൈവം അവരെ നമ്മുടെ അടുക്കലേക്ക് അയക്കുന്നതിന്റെ മഹത്വം പലപ്പോഴും നാം മനസ്സിലാക്കാതെ പോകുന്നു. ഈ ലോകത്തിലെ അൽപ്പ ആയുസ്സിൽ നമ്മെ രക്ഷിച്ച ദൈവത്തിന്റെ സ്വഭാവ വൈശിഷ്ട്യം വെളിപ്പെടുത്തുവാൻ ചില സന്ദർഭങ്ങൾ നമ്മുടെ മുന്നിൽ ദൈവം തന്നു എന്നു വരാം. പലപ്പോഴും നാം അതിന്റെ ഗൗരവത്തെ മനസ്സിലാക്കാതെ ആ സന്ദർഭങ്ങളെ പാഴാക്കുന്നവരായി തീർന്നിട്ടില്ലേ. ഏലിയാവിനെ സ്വീകരിച്ച സാരാഫാത്തിലെ വിധവയുടെ മനസ്സു നോക്കുക. പട്ടിണി മൂലം മരിക്കാൻ ഇരിക്കുന്ന സ്ത്രീ. എന്നാൽ നമ്മെയോ സമൃദ്ധിയുടെ പൂർണ്ണതയിൽ ദൈവം നിറുത്തിയില്ലേ.

ജർമ്മനിയിലെ ഒരു കൊച്ചു കുടുംബം, ഒരു ശീതകാലരാത്രിയിൽ തങ്ങളുടെ ഏകമകൻ നഷ്ടപ്പെട്ടതിന്റെ ദുഃഖത്തിലായിരുന്നു പിതാവായ കോൺറാഡും, മാതാവായ ഇർസുലയും. മരണം തട്ടിയെടുത്ത മകന്റെ വേർപാടിൽ ദുഃഖിതരായി ഇരിക്കുമ്പോഴാണ് ഒരു കൊച്ചുകുട്ടിയുടെ മനോഹരമായ പാട്ട് അവരുടെ ശ്രദ്ധയിൽ പെട്ടത്:

"പാമ്പുകൾക്ക് മാളമുണ്ട്
പറവകൾക്ക് കൂടുമുണ്ട്
തലചായ്ക്കാൻ എനിക്കെങ്ങും
തെല്ലൊരിടമില്ല."

ആ ബാലൻ സഹായം യാചിച്ച് വന്നതാണ് ഇവരുടെ അടുക്കൽ. കീറത്തുണിയുടുത്തവനെങ്കിലും സ്വരമാധുര്യമുള്ള അവന്റെ അടുക്കലേക്ക് അവർ ചെന്നു. ഈ തണുപ്പടിച്ചാൽ ആ ബാലന്റെ ശബ്ദവും പോകുമല്ലോ എന്ന് അവർ ചിന്തിച്ചു. ഇർസുല അവനെ അടുത്തേക്ക് ക്ഷണിച്ചു. ഉള്ള തുണികൊണ്ട് തന്നെത്താൻ പൊതിഞ്ഞ് അടുപ്പിനരികത്ത് വിറച്ചു കൊണ്ടിരുന്ന് അവർ കൊടുത്ത ഭക്ഷണം ആർത്തിയോടെ അവൻ വാരിക്കഴിച്ചു. തന്റെ ഏക ആശ്രയമായ പിതാവ് മരിച്ചതിനാൽ വസ്ത്രവും ഭക്ഷണവും നൽകാൻ ആരും ഇല്ലാത്തകാര്യം ഭക്ഷണം കഴിക്കുന്നതിനിടയിൽ അവൻ അവരോട് പറഞ്ഞു. അവന്റെ വാക്കുകൾ കേട്ടപ്പോൾ കോൺറോഡിനും, ഭാര്യയ്ക്കും അവനോട് വളരെ സഹതാപം തോന്നി. അന്നത്തേയ്ക്ക് അവിടെ താമസിക്കുവാൻ അവർ അവനെ അനുവദിച്ചു. മരണം മൂലം നഷ്ടപ്പെട്ട അവരുടെ ഏക മകൻ കിടന്നിരുന്ന കട്ടിലാണ് അവനുവേണ്ടി ഒരുക്കിയത്.

അവൻ ഉറങ്ങാൻ പോയ സമയത്ത് അവരുടെ മകനു പകരം ഈ കുട്ടിയെ ദത്തെടുത്താലോ എന്ന് അവർ ചിന്തിച്ചു തുടങ്ങി. അവരുടെ ഈ താല്പര്യം ആ ബാലൻ അംഗീകരിക്കുമോ ഇല്ലയോ എന്ന് അവർ സംശയിച്ചു. എന്നാൽ രാവിലെ ഈ വിവരം ബാലനെ അവർ അറിയിച്ചപ്പോൾ വളരെ സന്തോഷത്തോടെ അവരുടെ ആഗ്രഹത്തെ അവൻ സ്വാഗതം ചെയ്തു. അവൻ അവരോടു കൂടെ താമസമാക്കി. അവർ അവനെ പഠിപ്പിച്ചു. വളർന്നപ്പോൾ ആത്മീയ താല്പര്യമുള്ളവനായി അവൻ തീർന്നു. ദൈവത്തിന്റെ കരങ്ങളിൽ അവൻ തന്നെത്താൻ സമർപ്പിച്ചു. മതത്തിന്റെ അന്ധകാരം നിറഞ്ഞ ആ കാലഘട്ടത്തിൽ ദൈവം അവനെ വെളിച്ചത്തിന്റെ പ്രകാശമായി മാറ്റാൻ തുടങ്ങി. ഒടുക്കം അവനെ പ്രൊട്ടസ്റ്റന്റ് പ്രസ്ഥാനത്തിന്റെ രൂപവും ഭാവവും നൽകാൻ ദൈവം എടുത്തുപയോഗിച്ചു. ആ ബാലനായിരുന്നു മാർട്ടിൻ ലൂഥർ!

പ്രിയരെ ദൈവസന്നിധിയിൽ പാട്ടു പാടി നടന്ന അർദ്ധനഗ്നനായിരുന്ന ആ ബാലനെ അവരുടെ അടുക്കലേക്ക് ദൈവം അയച്ചപ്പോൾ അവർ അവനെ സ്വീകരിച്ച് സ്നേഹിച്ച് വളർത്തി. അവർക്കു ലഭിച്ച സമയം അവർ തക്കത്തിൽ ഉപയോഗിച്ചു. അവനെ അവഗണിച്ചില്ല. അതു മൂലം ആത്മീയ മണ്ഡലത്തിൽ വളരെ മാറ്റങ്ങൾ വരുത്തുവാൻ ഇടയായി, ദൈവം നമ്മുടെ കരങ്ങളിലേക്ക് തരുന്ന അമൂല്യമായ സംഭവങ്ങളും നിമിഷങ്ങളും അവഗണിച്ചാൽ സംഭവിക്കുന്ന നഷ്ടം താൽക്കാലികമല്ല. പിന്നെയോ നിത്യത മുഴുവനും അത് നഷ്ടമായി തുടരുന്നതാണ്. ആകയാൽ അവഗണന നമ്മിൽ നിന്നകറ്റി ദൈവകരങ്ങളിൽ നമ്മെ തന്നെ സമർപ്പിച്ചാൽ ദൈവം നമ്മെ എടുത്തുപയോഗിക്കും. അങ്ങനെ, ദൈവനാമം മഹത്വപ്പെടുമാറാകട്ടെ. ■

SUVISESHA DHWANI
Fortnightly
Vol. 36 Issue 16
Annual Subscription
India Rs. 100
USA/Canada US$ 50
Envelope Postage
Rs. 1200

**Please send news and articles to:**

Chief Editor
**Samuel Thomas**
Choonattu House
Cheppad P.O.,
Alappuzha Dist.,
Kerala - 690 507
Tel. 0479 - 2476677
Mob : 9495162788

Associate Editors:
**V. S. Mathew & Jose Philip**

Send your drafts & money order to :

Managing Editor
**P.S. Ninan**
Thondiyath puthenveedu,
Kallissery P.O.,
Alappuzha - 689 124
Tel. 0479 - 2165241
\Mob. 9446004619

Circulation Manager:
**Stanly Jacob**
Umayattukara
Tel. 9847532592

Please send DD/Cheque drawn in favour of :
Suvisesha Dhwani

**suviseshadhwani2011@gmail.com**

**28.04.2012**

**REGISTERED**
***Reg. No. RN 29475/78***
**Postal Reg. No. KL / MVK / 188 / 2011-13**

*If not delivered, please return to :*
**Managing Editor,**
**SUVISESHA DHWANI,**
**Thondiyath puthenveedu, Kallissery P.O.,**
**Alappuzha - 689 124,**
**Kerala, India.**

Printed & Published by Samuel Thomas, Choonattu House, Cheppad P.O., Alappuzha District on behalf of Y.M.E.F. at Puthethu Offset Printers, Kallissery.